ദി ഡിഫെൻഡർ

Vol. No. 8 Issue No. 19 RNI Reg. No. 68089 / 97 Published From Perumbavoor 2005 OCTOBER 1

# ടി.എസ്.ഏബ്രഹാമിനെതിരെ നടപടിയെടുക്കണം: കെ.പി.കുര്യൻ

ഐ.പി.സി. ജനറൽ പ്രസിഡന്റായ ടി.എസ്.ഏബ്രഹാമിനെതിരെ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ട് തിരുവല്ല ആമല്ലൂർ ഐ.പി.സി. സഭയുടെ പാസ്റ്ററും കേരള സ്റ്റേറ്റ് പ്രസ്ബിറ്ററി അംഗവുമായ കെ.പി.കുര്യൻ ഐ.പി.സി. സ്റ്റേറ്റ് കൗൺസിലിന് പരാതി നൽകി. കുമ്പനാട് സെന്ററിന്റെ ചുമതലയുള്ള പാസ്റ്ററാകയാൽ ടി.എസ്.ഏബ്രഹാമിന്റെമേൽ കേരള സ്റ്റേറ്റ് കൗൺസിലിന് അധികാരമുണ്ട്. അതുകൊണ്ടാണ് സ്റ്റേറ്റ് കൗൺസിലിന് പരാതി കൊടുത്തിരിക്കുന്നത്.



ടി.എസ്.ഏബ്രഹാമിന്റെ ദുർന്നടപ്പും ഇതര ദുർന്നടപടികളും പരാതിയിൽ വിവരിച്ചിട്ടുണ്ട്. മറ്റാരെങ്കിലുമാണ് ഇതൊക്കെ ചെയ്തതെങ്കിൽ തീർച്ചയായും സഭയിൽ നിന്ന് പുറത്താക്കുമായിരുന്നു. എന്നാൽ ഇവിടെ വിളവു തിന്നുന്നത് വേലി തന്നെ ആകയാൽ നാളിതുവരെ ഒരു നടപടിയും ഉണ്ടായിട്ടില്ല.

ഐ.പി.സി. സ്റ്റേറ്റ് പ്രസിഡന്റായ കെ.എം.ജോണിനാണ് കെ.പി.കുര്യൻ പരാതി കൊടുത്തിരിക്കുന്നത്. പരാതിയുടെ കോപ്പി ടി.എസ്.ഏബ്രഹാമിനും കൊടുത്തിട്ടുണ്ട്. പക്ഷേ, പരാതി ലഭിച്ച വിവരം കെ.എം.ജോൺ രഹസ്യമാക്കി വെയ്ക്കുകയാണ് ചെയ്തത്. എങ്കിലും ചില പ്രസ്ബിറ്ററി അംഗങ്ങളുടെ സമയോചിതമായ ഇടപെടൽ മൂലം പരാതിക്കാര്യം പരസ്യമായി.

ഒക്ടോബർ 31ന് അകമായി കെ.പി.കുര്യനെതിരെ നടപടി എടുത്ത് റിപ്പോർട്ട് നൽകണമെന്ന് ആവശ്യപ്പെട്ട് ടി.എസ്.ഏബ്രഹാം സ്റ്റേറ്റ് കൗൺസിലിന് കത്ത് നൽകിയിരുന്നു. ഈ കത്ത് വിശദമായി പരിഗണിക്കാതെ ജനറൽ കൗൺസിലിന് മടക്കി അയയ്ക്കാനും നടപടിയെടുക്കാനുള്ള അവസരം ജനറൽ കൗൺസിലിന് നൽകാനുമായിരുന്നു കെ.എം. ജോണിന്റെ പദ്ധതി. പക്ഷേ, സ്റ്റേറ്റ് കൗൺസിലിന് ലഭിച്ച നിർദ്ദേശം അനുസരിച്ച് കുര്യനെ വിചാരണ ചെയ്യണമെന്ന് കുര്യൻ ഉൾപ്പെടെ പലരും ആവശ്യപ്പെട്ടതോടെ കെ.എം.ജോണിന്റെ തന്ത്രം പാളി. പരാതി തിരിച്ചയയ്ക്കാനുള്ള വഴി അതോടെ അടഞ്ഞു. സ്റ്റേറ്റ് പ്രസ്ബിറ്ററി ഈ പ്രശ്നം ചർച്ച ചെയ്യാൻ തീരുമാനിക്കയും ചെയ്തു.

സ്റ്റേറ്റ് കൗൺസിലിന് ലഭിക്കുന്ന എല്ലാ പരാതികളും സ്റ്റേറ്റ് കൗൺസിലിൽ വായിക്കുകയും ചർച്ച ചെയ്യുകയും വേണമെന്ന നിർദ്ദേശവുമുണ്ടായി. അപ്പോഴാണ് ടി.എസ്.ഏബ്രഹാമിനെതിരെ താൻ കൊടുത്ത പരാതിയേപ്പറ്റി കെ.പി.കുര്യൻ വെളിപ്പെടുത്തിയത്. അതോടെ രംഗം ചൂടുപിടിച്ചു. ഈ പരാതിയും കൗൺസിലിൽ വായിക്കണമെന്നും സഭയുടെ നിയമപ്രകാരം നടപടി എടുക്കണമെന്നും നിരവധി അംഗങ്ങൾ ശഠിച്ചു. ഈ വിഷയത്തിൽ എന്തു നടപടി എടുക്കണമെന്ന് അടുത്ത കൗൺസിലിൽ തീരുമാനിക്കാമെന്ന ധാരണയിലാണ് മീറ്റിംഗ് അവസാനിപ്പിച്ചത്.

ടി.എസ്.ഏബ്രഹാമിന്റെ മന:സാക്ഷി സൂക്ഷിപ്പുകാരൻ എന്ന നിലയിൽ നിരവധി വർഷങ്ങൾ കഴിഞ്ഞ കെ.പി.കുര്യന് ടി.എസ്.ഏബ്രഹാമിന്റെ ഭൂരിപക്ഷം രഹസ്യങ്ങളും നന്നായറിയാം. കുര്യൻ അതൊക്കെ തുറന്നു പറഞ്ഞാൽ ടി.എസ്.ഏബ്രഹാമിന്റെ തനിനിറം മാലോകർ കാണും. അതുകൊണ്ട്, കുര്യൻ കൊടുത്ത പരാതി പുറത്തറിയാതെ കഴിക്കാനുള്ള ശ്രമമാണ് ടി.എസ്. ഏബ്രഹാം നടത്തുന്നത്.

# എ.മത്തായി രാജിവെയ്ക്കണം

ചർച്ച് ഓഫ് ഗോഡിന്റെ ബോംബെയിലെ ഓവർസിയറായ എ.മത്തായിക്ക് ഓവർസിയറായിരിക്കാൻ യോഗ്യതയില്ല. അതുകൊണ്ട് എ.മത്തായി ഉടൻ രാജി വെയ്ക്കണം.

ഭാര്യയേയും മക്കളേയും അനുസരണത്തിൽ പാലിക്കണമെന്നും ഓവർസിയർ ആരോപണങ്ങൾക്ക് അതീതനായിരിക്കണമെന്നും ദൈവവചനം പറയുന്നു. പക്ഷേ, എ.മത്തായിക്ക് ഈ യോഗ്യതകളൊന്നുമില്ല. അതുകൊണ്ടാണ് ഡിഫെൻഡർ മത്തായിയുടെ രാജി ആവശ്യപ്പെടുന്നത്.

മത്തായിയുടെ ഭാര്യ ദുർന്നടപ്പുകാരിയാണ് എന്നത് ഒരു വസ്തുതയാണ്. മത്തായിക്കും നാട്ടുകാർക്കും ഈ സംഭവങ്ങളൊക്കെ അറിയാം. വെറും ദുർന്നടപ്പല്ല അത്യുഗ്രൻ ദുർന്നടപ്പാണ് ഈ സ്ത്രീ നടത്തിയത്. മത്തായിയുടേത് എന്ന് പറയപ്പെടുന്ന മക്കളിൽ ഒരെണ്ണം ദുർന്നടപ്പു വകയിൽ ഉണ്ടായതുമാണ്. മെഫീബോശെത്തിന്റെ ഡി.എൻ.എ. മത്തായിയുടെ കുടുംബത്തിൽ എത്തിയത് ഈ രീതിയിലാണ്. ഈ പറയുന്നത് സത്യമല്ലെങ്കിൽ എ.മത്തായി ഡിഫെൻഡറിനെതിരെ മാനനഷ്ടക്കേസ്സ് കൊടുക്കണം. ഒരു ഡി.എൻ.എ. ടെസ്റ്റിലൂടെ ഡിഫെൻഡർ കോടതിയിൽ സത്യം തെളിയിച്ചുകൊള്ളാം.

ദുർന്നടപ്പുകാരിയായ അമ്മയ്ക്ക് വിശുദ്ധനായ മകൻ പിറക്കുന്നതെങ്ങനെ? മത്തായിയുടെ ഒരു മകൻ പൂനയിലെ പിംപ്രിയിലുള്ള സഭയിൽ ചെന്ന് കാട്ടിക്കൂട്ടിയ വൃത്തികേടുകൾ പൂനയിൽ മാത്രമല്ല ബോംബെയിലും കുപ്രസിദ്ധമാണ്. അമ്മയെ തല്ലിയാലും രണ്ടു പക്ഷം എന്നു പറഞ്ഞതുപോലെ, മത്തായിയുടെ മകന്റെ ദുർന്നടപ്പിന് ഒത്താശ ചെയ്യാൻ പിംപ്രി സഭയിൽ ആളുകളുണ്ടായി. ഭാര്യമാരുടെ പേരിൽ അറിയപ്പെടുന്ന ചില നപുംസകങ്ങൾ ആ സഭയിലുണ്ട്. അവർ മത്തായിയുടെ രക്ഷയ്ക്കെത്തി. അക്കാലത്ത് അവിടെ പാസ്റ്ററായിരുന്ന കൂട്ടക്ഷര വൈരിയും മത്തായിയെ സഹായിച്ചു. അങ്ങനെ മത്തായിയുടെ മകന്റെ ദുർന്നടപ്പ് വിശുദ്ധ കർമ്മമായി. ദുർന്നടപ്പിനെതിരെ നിലപാടെടുത്തവരെ സഭയിൽ നിന്ന് പുറത്താക്കുകയും ചെയ്തു.

ഈ പ്രശ്നങ്ങൾ കണ്ടില്ലെന്നു നടിക്കാൻ ഡിഫെൻഡറിന് കഴിയുന്നതല്ല. ദുർന്നടപ്പുകാരിയായ ഭാര്യയും ആ വകയിൽ ജനിച്ച ജാരസന്തതിയും ദുർന്നടപ്പുകാരനായ മകനും ഉള്ള എ.മത്തായി ഓവർസിയർ ആയിരിക്കാൻ യോഗ്യനല്ല. അതുകൊണ്ട് എ.മത്തായി ഓവർസിയർ സ്ഥാനം രാജിവെയ്ക്കണം. (സാധാരണ വിശ്വായിയായി ജീവിക്കുന്നതിൽ തെറ്റില്ല).

# ഡിഫെൻഡർ പണ്ടു പറഞ്ഞത് ഇപ്പോൾ കെ.പി.കുര്യൻ പറയുന്നു

ഡിഫെൻഡർ പറയുന്നതെല്ലാം കള്ളമാണെന്നും ഡിഫെൻഡർ സാത്താന്റെ പത്രമാണെന്നും ഒക്കെയാണ് പൊതുവെയുള്ള വിലയിരുത്തൽ. പക്ഷേ ഡിഫെൻഡർ സത്യം തുറന്നു പറയുന്ന പത്രമാണെന്നും ദൈവകരം ഡിഫെൻഡറിന് അനുകൂലമാണെന്നും ഇതാ വീണ്ടും തെളിയുന്നു.

ടി.എസ്.ഏബ്രഹാം ദുർന്നടപ്പുകാരനും കള്ളനുമാണെന്ന് ഡിഫെൻഡർ പറഞ്ഞപ്പോൾ എന്തെല്ലാം കോലാഹലങ്ങളാണ് ഉണ്ടായത്. കള്ളക്കേസ്സുകളുടെ ഒരു പരമ്പര തന്നെ ടി.എസ്.ബാലന് എതിരെ ഉണ്ടായി. ഒരു കേസ്സിൽ ബാലനും മകനും ചില ദിവസങ്ങൾ ജയിലിൽ കിടക്കേണ്ടതായും വന്നു.

ബാലനെതിരെ നിരവധി കുട്ടിപ്പത്രങ്ങൾ രംഗത്തെത്തി. സകല ഞാഞ്ഞൂലും തലപൊക്കിയാടി. ഡിഫെൻഡറിന് രണ്ടുവട്ടം ഡ്യൂപ്ലിക്കേറ്റുകൾ വരെ ഇറക്കി. എന്നിട്ടോ? ഈ ചോദ്യത്തിനുള്ള മറുപടി കാലം തന്നുകഴിഞ്ഞു.

ഡിഫെൻഡറിനെതിരെ പടവെട്ടാനായി ടി.എസ്.ഏബ്രഹാം കൂലിക്കെടുത്തവരെല്ലാം ഇന്ന് ടി.എസ്.ഏബ്രഹാമിന്റെ രക്തത്തിനായി മുറവിളി കൂട്ടുകയാണ്. അഞ്ചു വർഷം മുൻപ് ടി.എസ്.ഏബ്രഹാമിനെതിരെ ഡിഫെൻഡർ നിരത്തിയ ആരോപണങ്ങളെല്ലാം സത്യമാണെന്ന് ഇവർ തന്നെ ഇപ്പോൾ പറയുന്നു. ഈ ദുർന്നടപടികളുടെ പേരിൽ ടി.എസ്.ഏബ്രഹാമിനെതിരെ നടപടി എടുക്കണമെന്ന് ഇവർ തന്നെ ആവശ്യപ്പെടുന്നു. ടി.എസ്.ബാലനെ ദ്രോഹിച്ചതുപോലെ ഇപ്പോൾ ടി.എസ്.ഏബ്രഹാം ഇവരെ ദ്രോഹിക്കുന്നു.

ഇനി പറയൂ, ഡിഫെൻഡർ നുണപ്രചരണം നടത്തുന്ന പത്രമാണോ? ഡിഫെൻഡറിന്റെ പിന്നിൽ പ്രവർത്തിക്കുന്നത് സാത്താനാണോ? ഡിഫെൻഡറിന്റെ പ്രവർത്തന ഫലമായി പ്രജാപതിയെന്ന അന്യദൈവം സഭയിൽ നിന്ന് പുറത്തായി. സുരേഷ് ബാബുവിന്റെ തട്ടിപ്പും ഇപ്പോൾ ഏറെ ഫലിക്കുന്നില്ല. ടി.എസ്.ഏബ്രഹാം എന്ന വ്യഭിചാരിയുടെ സ്ഥിതിയും മറിച്ചാകില്ല. എത്ര ആഴത്തിൽ കുഴിച്ചു മൂടിയാലും സത്യം മൂന്നാംനാൾ ഉയിർക്കും.

# വീട്ടിലൊരു ബൈബിൾ സ്ക്കൂൾ: മൂന്നാം സി.ഡി. തയ്യാറാകുന്നു

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ മൂന്നാമത്തേത് തയ്യാറായി വരുന്നു. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്റ്റുഡിയോയിൽ തിരക്കായിരുന്നതിനാൽ റിക്കാഡിംഗിന് കാലതാമസമുണ്ടായി. അതുകൊണ്ട് ഒക്ടോബർ രണ്ടാം ആഴ്ചയിൽ മാത്രമേ സി.ഡി. പുറത്തിറങ്ങുകയുള്ളൂ. ആത്മലോകവുമായി ബന്ധപ്പെട്ട വിഷയങ്ങളാണ് ഈ സി.ഡിൽ ഉള്ളത്. പരിശുദ്ധാത്മശാസ്ത്രം, ദുരാത്മശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം ഈ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പണം അടച്ചവർക്ക് രണ്ടാമത്തെ സി.ഡി. അയച്ചുകഴിഞ്ഞു. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. ആദ്യ സി.ഡി. ജൂലൈ 10ന് പുറത്തിറങ്ങി.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ രണ്ടു സി.ഡികൾക്ക് 200 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 750 രൂപ നൽകിയാൽ മതിയാകും. (വിശദ വിവരങ്ങൾ 8-ാം പേജിൽ). വിദേശത്തുള്ളവർ ദയവായി ഇന്ത്യയിലുള്ള ഒരു വിലാസവും ഫോൺ നമ്പറും അറിയിക്കുക. (വിദേശത്തേക്ക് സി.ഡി. അയയ്ക്കുന്നത് വലിയ പണച്ചെലവുള്ള കാര്യമാണ്).

മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ

Vol. No.8 Issue No. 19 2005 October 1

# തെരഞ്ഞെടുപ്പ് ഫലം നൽകുന്ന പാഠങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിനുണ്ടായ വിജയം പ്രതീക്ഷിച്ചിരുന്നതുതന്നെ. പക്ഷേ, യു.ഡി.എഫിന്റെ പരാജയം പ്രതീക്ഷിച്ചത്ര കഠിനമല്ല എന്ന വസ്തുതയും നിഷേധിക്കാനാവില്ല.

കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ശക്തമായ യു.ഡി.എഫ്. വിരുദ്ധ തരംഗം ഉണ്ടായിരുന്നു. അതിന്റെ ഫലമായി യു.ഡി.എഫ്. ദയനീയമായി പരാജയപ്പെട്ടു. യു.ഡി.എഫ്. പാളയത്തിലുണ്ടായ പട ഈ പരാജയത്തിന്റെ മുഖ്യ കാരണമായിരുന്നു. അന്ന് പാളയത്തിലെ പടയ്ക്ക് നേതൃത്വം കൊടുത്തവർ പുറത്തുപോയതോടെ യു.ഡി.എഫ്. തികഞ്ഞ ഐക്യത്തോടെയാണ് ഈ തെരഞ്ഞെടുപ്പിനെ അഭിമുഖീകരിച്ചത്. അതുകൊണ്ടാകാം അവരുടെ പരാജയം അപ്രതീക്ഷിതമോ അതി കഠിനമോ ആകാതിരുന്നത്.

വ്യക്തിതാല്പര്യങ്ങളുടെ സംരക്ഷണത്തിനായി യു.ഡി.എഫ്. വിട്ടവരോട് എൽ.ഡി.എഫ്. സ്വീകരിച്ച നിലപാട് നിഷ്പക്ഷ വോട്ടുകൾ നഷ്ടമാക്കി എന്നത് ഒരു വസ്തുതയാണ്. രാജൻ കേസ്സിന് സി.പി.എം. പുതിയ വ്യാഖ്യാനം കൊടുത്തതും ഇടതുപക്ഷത്തിന്റെ വിശ്വാസ്യത ഇല്ലാതെയാക്കി. അധികാരത്തിലെത്താൻ ഇടതുപക്ഷം ഏതു ചെകുത്താനുമായും കൂട്ടുകൂടുമെന്ന് തെളിഞ്ഞതോടെ യു.ഡി.എഫിന് അനുകൂലമായി സഹതാപ തരംഗം ഉണ്ടായി. യു.ഡി.എഫിന്റെ മാനം ഒരതിരുവരെയെങ്കിലും കാക്കാൻ ഇത് സഹായകമായി.

ബി.ജെ.പിയുടെ സഹായത്തോടെയാണ് യു.ഡി.എഫ്. പിടിച്ചു നിൽക്കുന്നത് എന്നത്രേ എതിർപക്ഷം ആരോപിക്കുന്നത്. പക്ഷേ ഈ ആരോപണത്തിൽ വലിയ കഴമ്പില്ല. വിരലിൽ എണ്ണാവുന്ന സ്ഥലങ്ങളിൽ മാത്രമേ യു.ഡി.എഫിന് ബി.ജെ.പിയുമായി ധാരണ ഉണ്ടായിരുന്നുള്ളു. കേരളം ഒട്ടാകെയുള്ള ഫലത്തെ സ്വാധീനിക്കാൻ ഇത് പര്യാപ്തമായിരുന്നില്ല. അതുകൊണ്ട് ബി.ജെ.പി. ബന്ധം കൊണ്ടാണ് ഇത്രത്തോളമെങ്കിലും നേടാൻ യു.ഡി.എഫിന് കഴിഞ്ഞത് എന്ന വാദം അർത്ഥശൂന്യമാണ്. യു.ഡി.എഫ്. വിരുദ്ധ തരംഗത്തിന്റെ അഭാവവും യു.ഡി.എഫിന് അനുകൂലമായ അല്പം സഹതാപ തരംഗവുമാണ് വോട്ടായി മാറിയത്.

അവിശുദ്ധ കൂട്ടുകെട്ടിലൂടെ ഇടതുപക്ഷം അതിന്റെ വിശ്വാസ്യത കളഞ്ഞു കുളിച്ചത് യു.ഡി.എഫിന് പിടിച്ചു നിൽക്കാൻ കരുത്തേകി എന്നത് ഒരു വസ്തുതയാണ്. പാർലമെന്ററി വ്യാമോഹത്തിന്റെ മായാവലയത്തിൽ പെട്ട് ഇടതുപക്ഷം ഇങ്ങനെയൊരു മണ്ടത്തരം കാണിക്കാതിരുന്നെങ്കിൽ ഇത്തവണ യു.ഡി.എഫ്. തറ പറ്റുമായിരുന്നു.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ

ഗൾഫ് രാജ്യങ്ങൾ: 800 രൂപ

അമേരിക്ക: 30 ഡോളർ

വിലാസം:

റ്റി.എസ്.ബാലൻ, ദി ഡിഫെൻഡർ,

കെ.എസ്.ആർ.റ്റി.സിക്ക് സമീപം,

പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ആങ്ങള ചത്താലും വേണ്ടില്ല, നാത്തൂന്റെ കണ്ണുനീർ കണ്ടാൽ മതി എന്ന് പണ്ടൊരു അരുമപ്പെങ്ങൾ ഒരു നെടുവീർപ്പിന്റെ അകമ്പടിയോടെ പറഞ്ഞതുപോലെ ഉമ്മൻ കോൺഗ്രസ്സിനെ നാമാവശേഷമാക്കിയേ അടങ്ങൂ എന്ന വാശിയിൽ ഇറങ്ങിത്തിരിച്ച ലീഡർക്കും കൂട്ടർക്കും ഇനി ആശ്വസിക്കാം. തൂത്തെറിയാൻ കഴിഞ്ഞില്ലെങ്കിലും കോൺഗ്രസ്സിന് ശക്തമായ പ്രഹരമേൽപ്പിക്കാനെങ്കിലും കഴിഞ്ഞിരിക്കുന്നു. പക്ഷേ ഒരു സംശയം: യു.ഡി.എഫിന്റെ പരാജയം ആരുടെ വിജയമാണ്?

ഞാനും മുതലയമ്മവനും കൂടി പുലിയെ പിടിച്ചു എന്ന രീതിയിൽ പറഞ്ഞാൽ യു.ഡി.എഫിനെ തോല്പിച്ചത് ലീഡർജിയുടെ പാർട്ടിയാണ്. അത് ലീഡർ പറയുകയും ചെയ്യുന്നുണ്ട്. പക്ഷേ ഡി.ഐ.സി. ഒറ്റക്ക് മത്സരിച്ച സ്ഥലങ്ങളിൽ കെട്ടി വെച്ച കാശെങ്കിലും കിട്ടിയോ എന്ന് ലീഡർ പറഞ്ഞിട്ടില്ല. അത് പറയാതിരിക്കുകയാണ് ഭേദം എന്ന് ഏവർക്കും അറിയാം.

എൽ.ഡി.എഫിന്റെ വിജയത്തിന് കരുണാകരന്റെ പാർട്ടിയുടെ സഹായവും ഉണ്ടായെന്ന് പിണറായി വിജയൻ പറയുന്നു. പക്ഷേ, അതിനു വിപരീതമായ അഭിപ്രായമാണ് വി.എസ്.അച്യുതാനന്ദനുള്ളത്. ഡി.ഐ.സി. എന്ന് ഇപ്പോൾ അറിയപ്പെടുന്ന ഐ ഗ്രൂപ്പും ടി.എം.ജേക്കബ്ബും യു.ഡി.എഫിൽ ആയിരുന്ന സമയത്താണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പ് നടന്നത്. അതിൽ യു.ഡി.എഫിന് നാണംകെട്ട തോൽവി ഉണ്ടാക്കിയ എൽ.ഡി.എഫിന് യു.ഡി.എഫിനെ തോല്പിക്കാൻ മറ്റാരുടേയും സഹായം ആവശ്യമായിരുന്നില്ലെന്ന് അദ്ദേഹം വിശദീകരിക്കുന്നു. ഈ വാദത്തിൽ അല്പം കഴമ്പുണ്ടെന്ന് പറയാതെ വയ്യ. ലീഡറും കൂട്ടരും സഹായിച്ചിരുന്നില്ലെങ്കിലും എൽ.ഡി.എഫിന് ഈ വിജയം ഉണ്ടാകുമായിരുന്നു. ഇപ്പോൾ ഉണ്ടാക്കിയത് ഒരു താത്ക്കാലിക അഡ്ജസ്റ്റ്മെന്റ് മാത്രമാണെന്നും അസംബ്ലി തെരഞ്ഞെടുപ്പിൽ എന്തു ചെയ്യണമെന്ന് പിന്നീട് തീരുമാനിക്കുമെന്നും അദ്ദേഹം പറയുന്നു. ഡി.ഐ.സിയുടെ ഭാവി അത്ര ശോഭമല്ലെന്ന സൂചനയാണ് വി.എസ്സ്. നൽകുന്നത്.

കോൺഗ്രസ്സിലായിരുന്നെങ്കിൽ ലീഡർജിയുടെ ഗ്രൂപ്പിന് പകുതി സീറ്റെങ്കിലും കിട്ടുമായിരുന്നു എന്ന് എ.കെ.ആന്റണി പറഞ്ഞത് തികച്ചും ശരിയാണ്. അതുമായി താരതമ്യം ചെയ്യുമ്പോൾ ഇപ്പോൾ കിട്ടിയത് വെറും നക്കാപ്പിച്ച ആണെന്നതിന് സംശയമില്ല. എന്നിട്ടും ലീഡർക്കും കൂട്ടർക്കും സന്തോഷത്തിനു കുറവില്ല. ഉള്ളിന്റെ ഉള്ളിൽ കരഞ്ഞുകൊണ്ടുള്ള ചിരിയാണിത് എന്ന് വ്യക്തം.

കെ.കരുണാകരനില്ലാതെ കോൺഗ്രസ്സിനോ യു.ഡി.എഫിനോ വിജയിക്കാൻ പറ്റില്ല എന്ന് ഈ തെരഞ്ഞെടുപ്പ് തെളിയിച്ചിരിക്കുന്നതായി മുരളി പറയുന്നു. ഇതിൽ സത്യത്തിന്റെ അംശമുണ്ട് എന്നതിനു സംശയമില്ല. കരുണാകരൻ ഇല്ലാതെയാണ് കോൺഗ്രസ്സും യു.ഡി.എഫും. ഇത്തവണ തെരഞ്ഞെടുപ്പിനെ നേരിട്ടതെന്നും അവർ ദയനീയമായി പരാജയപ്പെട്ടെന്നതും ശരിതന്നെ. ബാക്കിയുള്ളതെല്ലാം ശുദ്ധ വിഡ്ഢിത്തം. കരുണാകരനും മുരളിയും ഉൾപ്പെടെയുള്ള സകലരും കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിലുണ്ടായിരുന്നു. സകുടുംബം മത്സരിക്കയും ചെയ്തു. എന്നിട്ടോ? പാട്ടും പാടി തോറ്റു. കോൺഗ്രസ്സിന് ഒരു സീറ്റുപോലും കിട്ടിയില്ല. അത്ര ദയനീയമല്ല ഇത്തവണത്തെ പരാജയം. കരുണാകരൻ ഇല്ലാതെയുള്ള പരാജയമാണ് കോൺഗ്രസ്സിന് ഭേദം എന്ന് ചുരുക്കം.

ബി.ജെ.പിയുടെ സഹായം വേണ്ടെന്ന് ഇരു മുന്നണികളും പറയുന്നു. ഈ ആദർശത്തിൽ ഉറച്ചു നിന്നാൽ പല സ്ഥലത്തും ഭരണം എന്നൊന്നുണ്ടാകില്ല എന്ന് വ്യക്തം.

ഭരണത്തിൽ ഡി.ഐ.സിക്ക് പങ്കു കൊടുക്കാൻ ഇടതുപക്ഷം തയ്യാറാകുമോ? കണ്ടറിയണം. ഇടതുപക്ഷത്തിന് സ്വന്തം നിലയിൽ ഭരണം നടത്താൻ കഴിയുന്ന സ്ഥലങ്ങളിൽ ഡി.ഐ.സി. പുറത്തു നിൽക്കേണ്ടതായി വരും എന്ന് തീർത്തു പറയാം. അത്രയും ബന്ധമേ ഇടതുപക്ഷത്തിന് ഡി.ഐ.സിയുമായുള്ളു. പക്ഷേ, ഭരിക്കാൻ ഡി.ഐ.സിയുടെ സഹായം ആവശ്യമുള്ളിടത്ത് അത് സ്വീകരിക്കും. ഫലത്തിൽ ഡി.ഐ.സി. വെറും കറിവേപ്പിലപോലെയാകും. കറിക്ക് രുചി നൽകാൻ കറിവേപ്പില കൂടിയേ കഴിയൂ. പക്ഷേ കറിവേപ്പില പുറത്തു കളഞ്ഞിട്ടാകും ശാപ്പാട്. മറിച്ചൊരക്ഷരം പറയാതെ ലീഡറും കൂട്ടരും ഇതെല്ലാം സഹിക്കുകയും ചെയ്യും. (വേറെ വഴിയില്ലല്ലോ). ഉമ്മൻ കോൺഗ്രസ്സിനെ തറ പറ്റിക്കുകയാണ് തങ്ങളുടെ ലക്ഷ്യം എന്ന് ലീഡറും പുത്രനും നിരന്തരം പറഞ്ഞുകൊണ്ടിരുന്നത് ഈ സ്ഥിതി വിശേഷം മുൻകൂട്ടി കണ്ട് ഒരു മുഴം മുൻപേ നടത്തിയ ഏറായിരുന്നു.

ഈ തെരഞ്ഞെടുപ്പിൽ ശ്രദ്ധേയമായ നേട്ടം ഉണ്ടാക്കിയിട്ടുള്ള പാർട്ടികൾ ഏവ? പറയാം: ബി.ജെ.പിയും പി.ഡി.പിയും. മുന്നണി ബന്ധങ്ങളൊന്നും കൂടാതെയാണ് ഈ പാർട്ടികൾ നേട്ടം കൈവരിച്ചത്. ഇരു മുന്നണികളോടും പോരാടിയാണ് ഇവരുടെ സ്ഥാനാർത്ഥികൾ വിജയിച്ചത്. പ്രാദേശിക സ്വാധീനങ്ങളും മറ്റും ഈ വിജയത്തിന് കാരണമായിട്ടുണ്ടാകാമെങ്കിലും ഈ പാർട്ടികൾക്ക് ജനപിൻതുണ ഉണ്ടെന്ന് സമ്മതിക്കേണ്ടതായിവരും.

മരിച്ചിട്ട് വർഷങ്ങളായ ലക്ഷക്കണക്കിന് ആളുകൾക്ക് ഇത്തവണത്തെ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വോട്ടവകാശം ഉണ്ടായിരുന്നു. അവരിൽ പലരും വോട്ടു ചെയ്തതായി രേഖകൾ പരിശോധിച്ചാൽ മനസ്സിലാകും. ഇത്രയേറെ പരേതാത്മാക്കൾ വോട്ടു ചെയ്ത മറ്റൊരു തെരഞ്ഞെടുപ്പ് ഉണ്ടായിട്ടില്ല എന്നു തോന്നുന്നു. പക്ഷേ, ജീവനോടെയുള്ള പലർക്കും വോട്ട് ചെയ്യാൻ കഴിഞ്ഞില്ല. വോട്ടർ പട്ടികയിൽ പേരില്ലാത്തതുതന്നെ കാരണം. മരിച്ചവരെ ഉയിർപ്പിക്കയും ജീവനുള്ളവരെ കൊല്ലുകയും ചെയ്യുന്ന വോട്ടർ പട്ടികയാണ് ഇത്തവണത്തെ തെരഞ്ഞെടുപ്പിന് ഉപയോഗിച്ചത്.

**എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക**

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

**പെരുമ്പാവൂർ പ്രിന്റേഴ്സ്**

ബസ്റ്റ് കോംപ്ലക്സ്

കെ.എസ്.ആർ.ടി.സിക്ക് സമീപം

പെരുമ്പാവൂർ. ഫോൺ : 0484-3950734, 9447414608

# പ്രകൃതിവിരുദ്ധനെതിരെ നടപടിയുണ്ടാകും

പ്രകൃതിവിരുദ്ധ ലൈഗിക ബന്ധങ്ങളുടെ ഉസ്താദും വെണ്ണിക്കുളം ഐ.പി.സി. സഭയുടെ ശുശ്രൂഷകനുമായ ബിജു ഐസക് പീച്ചിക്കെതിരെ നടപടി എടുക്കാൻ ഐ.പി.സി. കേരള സ്റ്റേറ്റ് പ്രസ്ബിറ്ററി തീരുമാനിച്ചു. ഒക്ടോബർ 4ന് ബിജുവിനെ വിചാരണ ചെയ്യും.

ഈ വിദ്വാൻ റാന്നി കൊറ്റനാട് സഭയിൽ പാസ്റ്ററായിരിക്കുമ്പോൾ സഭയിലുള്ള ഒരു കുട്ടിയെ പ്രകൃതി വിരുദ്ധ ബന്ധത്തിന് വിധേയനാക്കി എന്നാണ് ആരോപണം. സംഭവത്തേപ്പറ്റി റാന്നി സെന്റർ പാസ്റ്ററായ കെ.കെ.ചെറിയാൻ അന്വേഷണം നടത്തുകയും തെളിവുകളുടെ വെളിച്ചത്തിൽ ബിജുവിനെ കുറ്റവാളിയായി കണക്കാക്കുകയുമായിരുന്നു. അന്വേഷണം നടന്ന സമയത്ത് ബിജു ടി.എസ്.ഏബ്രഹാമിന്റെ അധീനതയിലുള്ള കുമ്പനാട് സെന്ററിലെ പാസ്റ്ററായിക്കഴിഞ്ഞിരുന്നതിനാൽ ബിജുവിനെതിരെ നടപടി എടുക്കാൻ റാന്നി സെന്ററിന് അധികാരമില്ലാതായി. അതുകൊണ്ട് കെ.കെ.ചെറിയാൻ ബിജുവിനെതിരെയുള്ള പരാതി തികച്ചും ഔദ്യോഗികമായി കേരള സ്റ്റേറ്റ് കൗൺസിലിന് കൊടുത്തു. പക്ഷേ, ടി.എസ്. ഏബ്രഹാമിന്റെ നിർദ്ദേശപ്രകാരം സ്റ്റേറ്റ് കൗൺസിൽ ഈ പരാതി മുക്കി. ഒരു നടപടിയും ഉണ്ടായില്ല.

സ്റ്റേറ്റ് കൗൺസിലിന് ലഭിക്കുന്ന പരാതികൾ കൗൺസിലിന്റെ പരിഗണനക്കെടുക്കാതെ മുക്കുന്നതിനെതിരെ ചില കൗൺസിൽ അംഗങ്ങൾ സെപ്റ്റംബർ 27ന് നടന്ന കൗൺസിൽ മീറ്റിംഗിൽ ശബ്ദമുയർത്തി. ടി.എസ്.ഏബ്രഹാമിനെതിരെ കെ.പി.കുര്യൻ കൊടുത്ത പരാതിയേക്കുറിച്ചും പരാമർശമുണ്ടായി. ഈ വിധത്തിൽ നിരവധി പരാതികൾ എക്സിക്യൂട്ടീവ് ചവറ്റു കൊട്ടയിൽ ഇടുന്നതായി പല കൗൺസിൽ അംഗങ്ങളും ആരോപിച്ചു. കൗൺസിലിന് ലഭിക്കുന്ന എല്ലാ പരാതികളും കൗൺസിലിന്റെ പരിഗണനയ്ക്ക് വരണമെന്നും സഭയുടെ ചട്ടമനുസരിച്ചുള്ള നടപടി ഉണ്ടാകണമെന്നും തീരുമാനമുണ്ടായി.

ഇത്രയുമായപ്പോഴാണ് ബിജു ഐസക്കിനെതിരെ റാന്നി സെന്ററിനുവേണ്ടി കെ.കെ.ചെറിയാൻ കൊടുത്ത പരാതിയുടെ ഗതി എന്തായി എന്ന് ചില പ്രസ്ബിറ്ററി അംഗങ്ങൾ അന്വേഷിച്ചത്. പരാതി കുമ്പനാട് സെന്ററിന്റെ സെക്രട്ടറിക്കു കൈമാറി എന്ന മറുപടിയാണ് ലഭിച്ചത്. സ്റ്റേറ്റ് കൗൺസിലിന് ലഭിച്ച പരാതി കൗൺസിൽ അംഗങ്ങൾ അറിയാതെ, തികച്ചും ചട്ടവിരുദ്ധമായി, കുമ്പനാട് സെന്റർ സെക്രട്ടറിക്കു കൈമാറിയ നടപടിയെ പ്രസ്ബിറ്ററി അംഗങ്ങൾ നിശിതമായി വിമർശിച്ചു. അതോടെ എക്സിക്യൂട്ടീവിന് ഉത്തരം മുട്ടി.

മറ്റു പോംവഴി ഒന്നും ഇല്ലാതായതോടെ ബിജു ഐസക്കിനെ ഒക്ടോബർ 4ന് നടക്കുന്ന കൗൺസിൽ മീറ്റിംഗിൽ വിളിച്ചുവരുത്തി വിചാരണ ചെയ്യാൻ തീരുമാനിക്കയായിരുന്നു.

# പാരപ്രയോഗം ഫലിച്ചില്ല

ശത്രുവിനെതിരെ ഫലപ്രദമായി പ്രയോഗിക്കാൻ പറ്റുന്ന ആയുധമെന്ന നിലയിൽ പാരയുടെ പദവി അത്ര മോശമല്ല. പക്ഷേ, ചിലപ്പോൾ പാര ഫലിക്കാറില്ലെന്നുമാത്രം.

ടി.എസ്.ഏബ്രഹാമിന് ഈയിടെ അത്തരം ഒരു അനുഭവമുണ്ടായി. കെ.പി.കുര്യൻ ടി.എസ്.ഏബ്രഹാമിനെതിരെ കൊടുത്ത പരാതി കെ.എം.ജോണും കെ.സി.തോമസും പരിഗണനയ്ക്കെടുക്കുകയും വിചാരണ ചെയ്യാൻ ഇടവരുകയും ചെയ്താൽ തന്റെ നില പരുങ്ങലിലാകും എന്ന് ടി.എസ്.ഏബ്രഹാം മനസ്സിലാക്കി. എത്രയും വേഗം ഒരു മറുപാര പ്രയോഗിച്ചില്ലെങ്കിൽ കാര്യം കുഴപ്പത്തിലാകും. എന്താണ് വഴി? വളരെ ആലോചിച്ച് ഒരു വിദ്യ കണ്ടുപിടിച്ചു.

കെ.എം.ജോൺ, കെ.സി.ജോൺ എന്നിവർക്കെതിരെ മേല്പാടംകാരനായ ഒരാൾ പണ്ട് ഒരു പരാതിയുമായി നടന്നിരുന്നു. സംഗതി അതീവ ഗുരുതരമാണ്. അത് പരാതിയായി എഴുതി കിട്ടിയാൽ കെ.എം.ജോണും കെ.സി.ജോണും ഒതുങ്ങും. കെ.സി.തോമസ് പിന്നെ മിണ്ടുകയുമില്ല.

മേല്പാടംകാരൻ ഇപ്പോൾ ആലുവായിലാണ്. അതുകൊണ്ട് ടി.എസ്.ഏബ്രഹാം ഒരു ശിങ്കിടിയെ ആലുവായിലേക്ക് അയച്ചു. മേല്പാടത്തിനെ കണ്ടുപിടിക്കയും ചെയ്തു.

ആവശ്യം ശ്രദ്ധിച്ചു കേട്ടശേഷം ശ്രീമാൻ മേല്പാടം പറഞ്ഞതിന്റെ ചുരുക്കം ഇതാണ്:

കെ.എം.ജോണിന്റെയും കെ.സി.ജോണിന്റെയും കൈയ്യിലിരുപ്പ് ശരിയല്ല എന്നതു സത്യം തന്നെ. അവർക്കെതിരെ പരാതി എഴുതി നൽകാൻ തയ്യാറുമാണ്. പക്ഷേ, അവരേക്കാൾ നീചനായ ടി.എസ്.ഏബ്രഹാമിനെതിരെ പരാതി നൽകിയിട്ടേ മറ്റുള്ളവരേക്കുറിച്ച് പരാതി നൽകൂ. എന്തിനേറെ പറയുന്നു, മറുത്തൊരു വാക്കു പറയാതെ ശിങ്കിടി കുമ്പനാട്ട് തിരിച്ചെത്തി.



# മോനി ചെന്നിത്തല തട്ടിപ്പുകാരൻ?

മോനി ചെന്നിത്തല തട്ടിപ്പുകാരനാണോ? ആണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. ഒപ്പിടാതെ കത്തയച്ചത് ശ്രദ്ധയിൽ പെട്ടപ്പോൾ തന്നെ ഇയാൾ വക്രബുദ്ധിക്കാരനാണെന്ന് സംശയം ഉണ്ടായിരുന്നു. ഇപ്പോൾ സംശയം കൂടുതൽ ബലപ്പെട്ടിരിക്കയാണ്.

വയനാട് ഐ.പി.സിയുടെ ഒരു റീജിയനാക്കണമെന്നും മോനി ചെന്നിത്തലയെ അതിന്റെ പ്രസിഡന്റ് ആക്കണമെന്നും ആവശ്യപ്പെട്ട് പുറത്തിറങ്ങിയ കത്ത് മോനി ചെന്നിത്തല എഴുതിയതല്ല എന്ന് മോനി ചെന്നിത്തല (ഒപ്പില്ലാത്ത കത്തിലൂടെ) അറിയിച്ചു എന്നത് ശരിതന്നെ. പക്ഷേ, ആ കത്തിലുള്ള മറ്റ് ആരോപണങ്ങളേക്കുറിച്ചൊന്നും മോനി മിണ്ടിയിട്ടില്ല.

മോനി ചെന്നിത്തല ഐ.പി.സി. നേതാക്കൻമാർക്ക് പണം കൊടുത്ത് സൗദി റീജിയന്റെ പ്രസിഡന്റു സ്ഥാനം വാങ്ങുകയായിരുന്നു എന്നതാണ് മുഖ്യ ആരോപണം. കെ.സി.ജോൺ, ടി.എസ്.ഏബ്രഹാം, ജയിംസ് ജോർജ് തുടങ്ങിയവർക്ക് വലിയ തുക കൊടുത്തു. കൂടാതെ, കൗൺസിൽ അംഗങ്ങൾക്ക് തിരുവല്ലയിൽ വെച്ച് അത്യുഗ്രൻ വിരുന്നും കൈമടക്കും കൊടുത്തു. ഇതൊന്നും നിഷേധിക്കാൻ മോനി ചെന്നിത്തലയ്ക്ക് കഴിഞ്ഞിട്ടില്ല.

പണം കൊടുത്ത് പരിശുദ്ധാത്മാവിനെ വാങ്ങാൻ ശ്രമിച്ച ശീമോനോട് പത്രോസ് പറഞ്ഞത് ഇവിടെയും ബാധകമാണ്: ദൈവത്തിന്റെ ദാനം പണം കൊടുത്തു വാങ്ങാൻ ശ്രമിച്ച മോനി ചെന്നിത്തലയുടെ പണം അയാളോടുകൂടി നശിക്കട്ടെ. ഈ ശപിക്കപ്പെട്ടവനെ ജനം തിരിച്ചറിയണം. ഇത്തരക്കാരുമായി ദൈവമക്കൾക്ക് ഒരു വിധത്തിലുള്ള കൂട്ടായ്മയും ഉണ്ടാകരുത്.

# ശുശ്രൂഷക സമ്മേളനം അവതാളത്തിലാകുമോ?

നവംബർ 6, 7, 8 തീയതികളിൽ കുമ്പനാട്ടുവെച്ച് ശുശ്രൂഷക സമ്മേളനം നടത്താൻ ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിൽ തീരുമാനിച്ചിരിക്കയാണ്. പക്ഷേ, സംഗതി നടക്കുമോ എന്ന് കണ്ടറിയണം. കാരണം, സമ്മേളനത്തിനെത്തുന്ന പാസ്റ്റർമാർക്ക് താമസ സൗകര്യം വാഗ്ദാനം ചെയ്തിരിക്കുന്നത് ടി.എസ്.ഏബ്രഹാമാണ്. ഇന്ത്യാ ബൈബിൾ കോളേജിന്റെ കെട്ടിടമാണ് ഈ ആവശ്യത്തിനായി നൽകാൻ ഉദ്ദേശിക്കുന്നത്.

ഒക്ടോബർ 31ന് അകമായി കെ.പി.കുര്യനെതിരെ നടപടി എടുത്തിരിക്കണം എന്നാണ് ടി.എസ്.ഏബ്രഹാം സ്റ്റേറ്റ് കൗൺസിലിനോട് ആവശ്യപ്പെട്ടിരിക്കുന്നത്. അത് നടക്കുമോ എന്ന് കണ്ടുതന്നെ അറിയണം. കെ.പി.കുര്യനെതിരെ നടപടി എടുക്കാതിരുന്നാൽ ടി.എസ്. ഏബ്രഹാം പിണങ്ങും. ടി.എസ്. പിണങ്ങിയാൽ താമസ സൗകര്യം ലഭിക്കയില്ല. പുറമ്പറമ്പിൽ കിടന്നുറങ്ങുക എന്ന ഏക പോംവഴി മാത്രമേ അവശേഷിക്കുന്നുള്ളൂ. അതിന് പാസ്റ്റർമാർ തയ്യാറാകുമോ? സംശയമാണ്.

ടി.എസ്.ഏബ്രഹാമിനോടുള്ള വാശി തീർക്കാൻ പാസ്റ്റർമാർ ഗ്രൗണ്ടിൽ കിടക്കും എന്നൊരു വാദം നിലവിലുണ്ട്. കഷ്ടത എന്നാൽ എന്ത് എന്ന് അറിയാത്തവരാണ് ഇക്കാലത്തെ പാസ്റ്റർമാരിൽ ഭൂരിപക്ഷവും. അത്തരക്കാർക്ക് എങ്ങനെ വെളിമ്പറമ്പിൽ കിടക്കാനാവും? കിടന്നാൽ പിറ്റേന്ന് എത്രപേർക്ക് എഴുന്നേൽക്കാൻ കഴിയും? ഏതായാലും സ്റ്റേറ്റ് ഭാരവാഹികൾ വെട്ടിലായിരിക്കയാണ്.

# പേരിന്റെ പേരിൽ പുലിവാൽ

പേരിന്റെ പേരിൽ ഐ.പി.സി. ജനറൽ കൗൺസിൽ പുലിവാല് പിടിച്ചിരിക്കയാണ്. കെ.പി.കുര്യനെതിരെ നടപടി എടുക്കണം എന്ന് ആവശ്യപ്പെട്ട് ജനറൽ കൗൺസിൽ കേരള സ്റ്റേറ്റ് കൗൺസിലിന് കൊടുത്ത പരാതിയിൽ തൃശൂർ ഭാഗത്തുള്ള ചിലരുടെ പേരുകളും ഉണ്ടായിരുന്നു. കുര്യനോടൊപ്പം ഇവരും ജനറൽ കൗൺസിൽ യോഗത്തിൽ കയറി ബഹളം വെച്ചു എന്നാണ് ആരോപണം. ഇവർക്കെതിരേയും നടപടി എടുക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

ഇനിയാണ് പേരിന്റെ പേരിലുള്ള പ്രശ്നം വരുന്നത്. തൃശൂർ ഭാഗത്തുനിന്നും വന്ന ചിലർ കുര്യനോടൊപ്പം കൗൺസിൽ മീറ്റിംഗിൽ ബഹളമുണ്ടാക്കി എന്നത് നേര്. കത്തിൽ പേരു പറയുന്ന ചിലർ അക്കൂട്ടത്തിൽ ഉണ്ടായിരുന്നു എന്നതും സത്യം. പക്ഷേ, കത്തിൽ പേരുള്ള ഏതാനും ആളുകൾ സംഭവം നടക്കുമ്പോൾ തൃശൂരിലുണ്ടായിരുന്നു. അവർക്ക് കുമ്പനാട്ട് പ്രശ്നമുണ്ടാക്കാൻ പറ്റില്ലല്ലോ. ഇവർ വിശദീകരണം ചോദിച്ച് കൗൺസിലിന് കത്ത് കൊടുത്തിരിക്കയാണ്.

**വണ്ടിയുടെ ഗ്ലാസ് തല്ലിപ്പൊളിക്കേണ്ട**

താക്കോൽ ഉള്ളിൽ വച്ച് നിങ്ങളുടെ വാഹനം പൂട്ടിപ്പോയി. അത് എങ്ങനെ തുറക്കും? വിവരം പെരുമ്പാവൂരിലെ ചാവിക്കടയിൽ അറിയിച്ചാൽ, (വാഹനം നിങ്ങളുടേതാണെന്ന് ബോധ്യപ്പെടുത്തിയാൽ), രണ്ടു മിനിറ്റുകൊണ്ട് കാര്യം സാധിക്കാം.

**ചാവിക്കട**

ഫെഡറൽ ബാങ്കിന് എതിർവശം, പെരുമ്പാവൂർ

ഫോൺ: 9447149309. സമയം: 9 AM to 9 PM.

ഞായറാഴ്ചയും പ്രവർത്തിക്കും

# സഭാനേതാക്കൻമാർ നിയമത്തിനതീതരോ?

നിയമത്തിൻെറ മുൻപിൽ എല്ലാവരും തുല്യരാണ്. പക്ഷേ, ഈ വസ്തുത പെന്തക്കോസ്ത് നേതാക്കൻമാർ മറന്ന മട്ടാണ്. തങ്ങൾ ദൈവദാസൻമാരാകയാൽ ഈ രാജ്യത്തെ നിയമങ്ങൾ തങ്ങൾക്കു ബാധകമല്ല എന്ന ഭാവത്തിലാണ് അവർ പെരുമാറുന്നത്. ചില ഉദാഹരണങ്ങൾ കൊണ്ട് ഇത് വ്യക്തമാക്കാം.

കുറെ വർഷങ്ങൾക്കു മുൻപ് ഐ.പി.സിയുടെ ഹെബ്രോൻ ബൈബിൾ കോളേജിന് ഇംഗ്ലീഷ് മീഡിയം ക്ലാസ്സ് തുടങ്ങാൻ ഒരു സായിപ്പ് 50,000 ഡോളർ സംഭാവന കൊടുത്തു. ഈ രാജ്യത്തെ നിയമം അനുസരിച്ച് ആ പണം ഐ.പി.സിയുടെ ഹെബ്രോൻ ബൈബിൾ കോളേജിന് ഇംഗ്ലീഷ് മീഡിയം തുടങ്ങാൻ വിനിയോഗിക്കേണ്ടതാണ്. പക്ഷേ, ഒരു മനഃസാക്ഷിക്കുത്തും കൂടാതെ ടി.എസ്.ഏബ്രഹാം ഈ പണം സ്വന്തം പോക്കറ്റിലാക്കി. പിന്നീട് അത് കേസ്സായി. കോടതി സമൻസ് അയച്ചിട്ടും ഹാജരാകാതെ നടന്നു. ഒടുവിൽ ഹാജരായി. ശിക്ഷ കിട്ടും എന്ന് ഉറപ്പായപ്പോൾ വാദികളുമായി ഒത്തുതീർപ്പുണ്ടാക്കി തലയൂരി. എന്നിട്ടും ഈ പണം ഐ.പി.സിക്ക് കൊടുത്തുമില്ല. ഈ വിധത്തിൽ ഐ.പി.സിയുടെ കുറച്ചധികം സ്വത്ത് ടി.എസ്. ഏബ്രഹാം തട്ടിയെടുത്തിട്ടുണ്ട്. ഐ.പി.സിയുടെ ജനറൽ ട്രഷറാർ ആയ ജോസഫ് താന്നിക്കൽ സത്യം പറയാൻ ധൈര്യം ഉണ്ടായിരുന്ന കാലത്ത് ഇതേപ്പറ്റിയൊക്കെ വിശദമായി എഴുതിയിട്ടുണ്ട്. ഏതെങ്കിലും ഐ.പി.സി. അംഗം ഒരു കേസ്സ് ഫയൽ ചെയ്യാൻ ധൈര്യം കാണിച്ചാൽ ഇനിയുള്ള കാലം ടി.എസ്. ഏബ്രഹാമിന് ഉണ്ടതിന്ന് കഴിയേണ്ടതായിവരും.

നിയമത്തിന് എന്തെങ്കിലും വില കല്പിക്കുന്നവരായിരുന്നെങ്കിൽ കെ.എം.ജോണും ജോർജ് ഉമ്മനും ഒരു മൂന്നാം ഊഴത്തിന് ശ്രമിക്കയില്ലായിരുന്നു. പതിവു പോലെ ആരും ചോദ്യം ചെയ്യില്ല എന്ന ധാരണയിലാണ് ഇവർ നിയമലംഘനം നടത്തിയത്.

വിവാഹിതയായ മകളെ ബലമായി പിടിച്ചുകൊണ്ടുവന്ന്, (വിവാഹമോചനംപോലും നടത്താതെ) രണ്ടാംവിവാഹം നടത്താൻ ടി.എസ്.ഏബ്രഹാമിന് ഒരു ശങ്കയും ഉണ്ടായില്ല. രാജ്യത്തെ നിയമത്തെയോ ബൈബിളിനെയോ മാനിക്കുന്ന ആർക്കും ഇങ്ങനെ ചെയ്യാൻ കഴിയില്ല.

വനിതാ ബൈബിൾ സ്ക്കൂളുകൾ എന്ന പേരിൽ പെന്തക്കോസ്ത് നേതാക്കൻമാർ നടത്തുന്ന സ്ഥാപനങ്ങൾ വെറും വ്യഭിചാരശാലകളാണെന്ന് കുമ്പനാട്ടും തിരുവല്ലയിലും ഉണ്ടായ സംഭവങ്ങൾ തെളിയിക്കുന്നു. ആത്മീയതയുടെ മറവിൽ നടക്കുന്ന ഇത്തരം നിയമലംഘനങ്ങൾക്കെതിരെ നിയമ നടപടി ഉണ്ടാകണം.

**ഡിഫെൻഡർ വർഷങ്ങൾക്കു മുൻപു പറഞ്ഞതെല്ലാം ഇപ്പോൾ നിറവേറിക്കൊണ്ടിരിക്കയാണ്. 2003 ഒക്ടോബർ ലക്കം ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ച ഈ ലേഖനത്തിന് ഇന്നുള്ള പ്രസക്തി പരിശോധിക്കുക.**

സ്വദേശത്തുനിന്നും വിദേശത്തുനിന്നുമായി അനേക ലക്ഷം രൂപ ഓരോ പെന്തക്കോസ്ത് നേതാവിൻെറയും പോക്കറ്റിൽ എത്തുന്നുണ്ട്. പക്ഷേ, ഇതിനൊക്കെ കണക്ക് സൂക്ഷിക്കാനോ രാജ്യത്തെ നിയമം അനുസരിച്ച് ആദായനികുതി കൊടുക്കാനോ ഇവരിൽ എത്രപേർ തയ്യാറാകുന്നു? ആദായനികുതി വകുപ്പ് പിടികൂടിയാൽ ഈ നേതാക്കൻമാരുടെ സ്ഥിതി പരമദയനീയമായിരിക്കും എന്നതിന് സംശയമില്ല.

ഏറ്റവും അധികം നിയമലംഘനം നടക്കുന്ന പെന്തക്കോസ്ത് പ്രസ്ഥാനം ശാരോനാണ്. അൻപതു കോടിയോളം രൂപയുടെ വെട്ടിപ്പ് ശാരോനിൽ നടന്നിട്ടുള്ളതായി അറിയാൻ കഴിഞ്ഞു. ഇത് സർക്കാരിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നേ മതിയാകു.

തിരുവല്ല ശാരോൻ കോമ്പൗണ്ടിൽ കാണുന്ന ബഹുനില മന്ദിരം ക്രിസ്ത്യൻ എയ്ഡ് എന്ന അമേരിക്കൻ സംഘടന ശാരോൻ ഫെലോഷിപ്പിന് സംഭാവനയായി കൊടുത്ത പണംകൊണ്ട് ഉണ്ടാക്കിയതാണ്. പക്ഷേ, ഈ കെട്ടിടം പണിതിരിക്കുന്നത് ശാരോൻ ഫെലോഷിപ്പിൻെറ ഉടമസ്ഥതയിലുള്ള സ്ഥലത്തല്ല സ്വകാര്യ ഭൂമിയിലാണ്. അനേകകോടി രൂപ വിലമതിക്കുന്ന ഈ കെട്ടിടം ഇപ്പോൾ ഫലത്തിൽ സ്വകാര്യ സ്വത്താണ്. ശാരോൻെറ വകയായി മലബാറിലുള്ള അനാഥശാലയിൽ നടക്കുന്ന തട്ടിപ്പുകളേക്കുറിച്ച് ഡിഫെൻഡറിൽ ഇതിനു മുൻപ് എഴുതിയിരുന്നല്ലോ. അറുപതേക്കറിലധികം വരുന്ന കശുമാവിൻ തോട്ടം കൈവശമുണ്ടായിട്ടും ആ സ്ഥാപനത്തിലെ അന്തേവാസികളായ കുട്ടികൾക്ക് വേണ്ട വിധത്തിൽ ആഹാരം കൊടുക്കാൻ പോലും സി.വി.ജോൺ എന്ന നീചൻ തയ്യാറാകുന്നില്ല. ഇങ്ങനെ പിച്ചച്ചട്ടിയിൽ കൈയിട്ടുവാരിയാണ് സി.വി. പണക്കാരനായത്.

ശാരോൻ ഫെലോഷിപ്പിന് സ്ഥലം വാങ്ങാനും കെട്ടിടം പണിയാനും മറ്റുമായി പിരിച്ചെടുക്കുന്ന പണം ശാരോൻ നേതാക്കൻമാരായ റ്റി.ജി.കോശി, റ്റി.പി. ഏബ്രഹാം തുടങ്ങിയവർ സ്വന്തം സംഘടനകളുടെ പേരിൽ ആക്കുകയാണ് ചെയ്യുന്നത്. ഇന്ത്യൻ ശിക്ഷാ നിയമം 406-ാം വകുപ്പ് ഉൾപ്പെടെയുള്ള വിവിധ നിയമങ്ങൾ അനുസരിച്ച് ശിക്ഷ ലഭിക്കാവുന്ന കുറ്റങ്ങളാണ് ഇവർ ചെയ്തുകൊണ്ടിരിക്കുന്നത്. ഇതിന് മറപിടിക്കാനായി ശാരോൻ ഭരണ ഘടനപോലും അട്ടിമറിച്ചു.

ഭൂകമ്പത്തിൻെറ പേരിൽ ശാരോൻ ഫെലോഷിപ്പ് പിരിച്ചെടുത്ത ലക്ഷക്കണക്കിന് രൂപ തട്ടിയെടുക്കാൻ പോലും ശാരോൻ നേതാക്കൻമാർ ശ്രമം നടത്തിയിരുന്നു. ഒടുവിൽ, റ്റി.എസ്.ബാലൻ എന്ന ഈയുള്ളവൻ ഈ അനീതിക്കെതിരേ പോലീസിൽ പരാതി കൊടുത്തശേഷമാണ് ഒരു ചെറിയ തുകയെങ്കിലും ദുരിതാശ്വാസനിധിയിൽ അടച്ചത്.

ശാരോൻ നേതാക്കൻമാരായ റ്റി.ജി.കോശിക്കും റ്റി.പി.ഏബ്രഹാമിനും മറ്റും ശാരോനിൽ എത്തുന്ന കാലത്ത് എന്തുണ്ടായിരുന്നു എന്നും ഇപ്പോൾ എന്തുണ്ട് എന്നും മാലോകർക്കറിയാം. ഈ പണം എവിടെനിന്നുണ്ടായി? ജോലി ചെയ്ത് ഉണ്ടാക്കിയോ? ഇല്ല. പിന്നെവിടെനിന്ന്? ഇന്ത്യയെ സുവിശേഷീകരിക്കാനെന്ന വ്യാജേന ഇവർ സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചുണ്ടാക്കിയതാണ് ഇതൊക്കെ. സായിപ്പൻമാർ എത്തുമ്പോൾ ശാരോനിലെ വിശ്വാസികളേയും ശുശ്രൂഷകൻമാരേയും വിളിച്ചുകൂട്ടി പ്രദർശിപ്പിച്ചാണ് ഇവർ പണമുണ്ടാക്കിയത്. അതുകൊണ്ടുതന്നെ ഈ പണം ശാരോൻ ഫെലോഷിപ്പിന് അവകാശപ്പെട്ടതാണ്. ഇത് തട്ടിയെടുക്കുന്നത് വിശ്വാസ വഞ്ചനയാണ്.

പെന്തക്കോസ്ത് സംഘടനകൾ സൊസൈറ്റീസ് ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത സൊസൈറ്റികളാണ്. അതുകൊണ്ട് സൊസൈറ്റീസ് ആക്ടിൻെറ ചട്ടങ്ങളും നിയമങ്ങളും അനുസരിച്ചുവേണം ഈ സംഘടനകൾ പ്രവർത്തിക്കാൻ. സൊസൈറ്റിക്കുവേണ്ടി സ്വദേശത്തുനിന്നും വിദേശത്തുനിന്നും പിരിച്ചെടുക്കുന്ന പണം സൊസൈറ്റിയുടെ സ്വത്താണ്. അത് നേതാക്കൻമാരുടെ പോക്കറ്റിലേക്കോ അവരുടെ സ്വകാര്യ സംഘടനകളിലേക്കോ പോകാൻ പാടില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

? പെന്തക്കോസ്ത് ശതാബ്ദിക്ക് എത്തുന്ന റോജർ ഹോസ്മ സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്ന ആളാണെന്നും ആത്മ വിവശതക്കാരനാണെന്നും കേൾക്കുന്നു. ഇത് സത്യമാണോ?

■ ഉണർവ്വു പ്രസംഗകർ എന്ന പേരിൽ അറിയപ്പെടുന്ന ഭൂരിപക്ഷം പ്രസംഗകരും സമൃദ്ധിയുടെ സുവിശേഷം പ്രസംഗിച്ച് ജനങ്ങളെ വഴിതെറ്റിക്കുന്നവരാണ്. ഇതാ വരുന്നൂ അനുഗ്രഹം എന്ന് കേൾക്കുന്നത് ഏവർക്കും താല്പര്യമുള്ള കാര്യമാണ്. അതുകൊണ്ട് ഇത്തരം യോഗങ്ങളിൽ വലിയ ജനക്കൂട്ടമുണ്ടാകും.

റോജർ ഹോസ്മയും ഇത്തരത്തിലുള്ള ആളാണെന്ന് കേൾക്കുന്നു. ആത്മവിവശത്വവും അനുഗ്രഹത്തിന്റെ സുവിശേഷവുമാണ് റോജർ ഹോസ്മ പ്രസംഗിക്കുന്നതെങ്കിൽ ശതാബ്ദി സമ്മേളനത്തെ മാത്രമല്ല റോജർ ഹോസ്മയേയും എതിർക്കാതെ പറ്റില്ല.

കർത്താവായ യേശുക്രിസ്തു അന്നും ഇന്നും രോഗസൗഖ്യം നൽകുന്നവനാണ്. സർവ്വശക്തനായ ദൈവത്തിന് ഒന്നും അസാദ്ധ്യമല്ല. അതുകൊണ്ട് പ്രകൃതി നിയമങ്ങൾക്ക് അതീതമായി പ്രവർത്തിക്കാൻ ദൈവത്തിന് കഴിയും.

പക്ഷേ, അത്ഭുതങ്ങൾക്കു പിന്നാലെ പോകുന്നത് ശരിയായ നടപടിയല്ല. തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി ദൈവം അത്ഭുതങ്ങൾ പ്രവർത്തിക്കുമെങ്കിലും വിശ്വസിപ്പിക്കാൻ വേണ്ടി ദൈവം അത്ഭുതം ചെയ്യാറില്ല. അത്ഭുതം നടക്കുന്നു എന്നു കേൾക്കുമ്പോൾ ഓടിയെത്തുകയും ദൈവവചനം കേൾക്കുമ്പോൾ ഓടി അകലുകയും ചെയ്യുന്നവർ വിശ്വാസികളല്ല. യഥാർഥ വിശ്വാസം കേൾവിയാലും കേൾവി ദൈവത്തിന്റെ വചനത്താലും ഉണ്ടാകുന്നതാണ്.

റോജർ ഹോസ്മ വരുമ്പോൾ തിരുവല്ലയിൽ ഉണർവ്വുണ്ടാകും എന്നാണ് സംഘാടകർ പ്രചരിപ്പിക്കുന്നത്. ഉണർവ്വ് എന്ന വാക്ക് ഇവർ തെറ്റിദ്ധരിച്ചിരിക്കുന്നു എന്ന് പറയാതെ വയ്യ. വലിയ ജനക്കൂട്ടം ഉണ്ടാകുന്നതും ജനം വലിയ കോലാഹലത്തോടെ അന്യഭാഷ പറയുന്നതും ഒക്കെയാണ് ഉണർവ്വ് എന്നാണ് ശതാബ്ദിക്കാർ ധരിച്ചു വെച്ചിരിക്കുന്നത്. ദൈവവചനം വസ്തുനിഷ്ഠമായി പഠിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ പറയുന്നത്.

റോജർ ഹോസ്മ വരുമ്പോൾ എന്തൊക്കെ നടക്കുമെന്ന് ഇപ്പോൾത്തന്നെ പറയാൻ കഴിയും. സാമാന്യം നല്ല ജനക്കൂട്ടമുണ്ടാകും. അത്ഭുതം കാണാൻ എത്തുന്നവരായിരിക്കും ഭൂരിപക്ഷവും. വലിയ അത്ഭുതങ്ങളൊക്കെ നടന്നതായി പ്രചരണമുണ്ടാകും. പക്ഷേ, യഥാർത്ഥത്തിൽ ഒരു അത്ഭുതം പോലും നടക്കുകയില്ല. ആയിരക്കണക്കിന് ആളുകൾ രക്ഷിക്കപ്പെട്ടതായി പ്രചരിപ്പിക്കും. പക്ഷേ പത്തോ അൻപതോ ആളുകൾ മാത്രമാകും യഥാർത്ഥത്തിൽ രക്ഷിക്കപ്പെട്ടത്. സാത്താന്റെ കോട്ടകൾ തകർന്നതായി പ്രചരണമുണ്ടാകും. എന്നാൽ ഈ കോലാഹലമെല്ലാം കണ്ട് സാത്താൻ പൊട്ടിച്ചിരിക്കുകയാകും ചെയ്യുക.

സംഘാടകർ ശരിക്കും ഷൈൻ ചെയ്യും. അവരുടെ നാമം മഹത്വപ്പെടും. ചിലർ രാഷ്ട്രീയ നേട്ടങ്ങളുണ്ടാക്കും. ചിലർ പണമുണ്ടാക്കും. മന്ത്രിമാർ കടുത്ത ദുരുപദേശങ്ങൾ പ്രസംഗിക്കും. അത് വാർത്താമാദ്ധ്യമങ്ങളിലൂടെ ലോകമെങ്ങും പ്രചരിക്കും.

പെന്തക്കോസ്ത് പത്രങ്ങൾക്കെല്ലാം സാമ്പത്തിക ലാഭമുണ്ടാകും. പരസ്യം വകയിൽ ലഭിക്കുന്ന വരുമാനം ഒരുവശത്ത്. സ്റ്റാളിട്ട് വരിസംഖ്യ പിരിക്കുന്നതിലൂടെ ലഭിക്കുന്ന വരുമാനം എക്ട്രാ. ചില വിരുതൻമാർ സപ്ലിമെന്റടിച്ചും പണമുണ്ടാക്കും. പുസ്തകങ്ങൾ, കാസറ്റുകൾ തുടങ്ങിയവ വിൽക്കുന്നവർക്കും ഇത് കൊയ്ത്തുകാലമാണ്. സമ്മേളനസ്ഥലത്ത് സ്റ്റാൾ ഇട്ട് കച്ചവടം പൊടിപൊടിക്കാം. അത്രതന്നെ.



# ശങ്ക, വല്ലാത്ത ശങ്ക

ഡിഫെൻഡർ അശ്ലീലം പറയുന്നു എന്ന് ആരും ദയവായി പറയരുത് എന്ന ഒരു അപേക്ഷയോടെയാണ് ഈ കുറിപ്പ് എഴുതുന്നത്. ഈ കുറിപ്പിൽ പച്ചമായ സത്യം മാത്രമേയുള്ളൂ.

ഒരു ശങ്കയേക്കുറിച്ചാണ് പറയാൻ പോകുന്നത്. ശങ്കകൾ പലവിധമുണ്ട്. ആശങ്ക, ജാരശങ്ക, ഭയാശങ്ക, വിഷശങ്ക തുടങ്ങിയവ ഉദാഹരണം. ഇത്തരം ശങ്കകളിൽ സർവ്വസാധാരണവും വലിപ്പച്ചെറുപ്പ വ്യത്യാസമോ സ്ത്രീപുരുഷ വ്യത്യാസമോ കൂടാതെ ഏവരേയും അനുദിനം ബാധിക്കുന്ന ഒരു ശങ്കയാണ് മൂത്രശങ്ക. മൂത്രം ഒഴിക്കണമോ വേണ്ടയോ എന്ന ശങ്കയല്ല, മറിച്ച് മൂത്രമൊഴിക്കാതെ മറ്റൊരു പോംവഴിയും ഇല്ല എന്ന സ്ഥിതിയാണിത്.

മൂത്രശങ്ക എങ്ങനെ ഫലപ്രദമായി വിനിയോഗിക്കാം എന്ന് കാണിച്ചു തന്നത് ലീഡർ ശ്രീ കെ.കരുണാകരനാണ്. പണ്ട് കോഴിക്കോട് പാർലമെന്റ് സീറ്റ് ആർക്ക് കൊടുക്കണം എന്ന വിഷയം കോൺഗ്രസ്സ് നേതൃത്വം പരിഗണനയ്ക്ക് എടുക്കുന്നതിനു തൊട്ടു മുൻപ് ലീഡർജിക്ക് മൂത്രശങ്കയുണ്ടായി. ശങ്ക തീർത്ത് ലീഡർജി മടങ്ങി എത്തിയപ്പോഴേക്കും കോഴിക്കോട് സീറ്റ് ആർക്ക് കൊടുക്കണമെന്ന കാര്യത്തിൽ തീരുമാനം എടുത്തു കഴിഞ്ഞിരുന്നു. സീറ്റ് കിട്ടിയത് കെ.മുരളീധരനാണ് എന്നുകൂടി പറഞ്ഞാൽ മാത്രമേ ശങ്കയുടെ കഴിവ് മനസ്സിലാകൂ. മുരളിക്ക് സീറ്റ് ലഭിക്കാനായി പിതാവായ കരുണാകരൻ ഒന്നും ചെയ്തില്ല. സീറ്റ് സംബന്ധിച്ച് തീരുമാനം എടുത്തപ്പോൾ കരുണാകരൻ സ്ഥലത്തില്ലായിരുന്നല്ലോ.

ഐ.പി.സിയും കോൺഗ്രസ്സും തമ്മിൽ പല കാര്യത്തിലും സാമ്യമുണ്ട്. മൂത്രശങ്ക ഫലപ്രദമായി വിനിയോഗിക്കുന്ന കാര്യത്തിലും ഐ.പി.സി. നേതാക്കന്മാർ കോൺഗ്രസ്സിനെ അനുകരിച്ചു. സംഭവം നടന്നത് സെപ്റ്റംബർ 27ന് ആണ്. ടി.എസ്.ഏബ്രഹാമിനെതിരെ കെ.പി.കുര്യൻ കൊടുത്ത പരാതി പരിഗണനയ്ക്കെടുക്കണമോ വേണ്ടയോ എന്ന പ്രശ്നം പ്രസ്ബിറ്ററിയുടെ പരിഗണനയ്ക്കു വന്നു. ടി.എസ്. ഏബ്രഹാം ജനറൽ പ്രസിഡന്റായതുകൊണ്ട് കേരള സ്റ്റേറ്റ് പ്രസ്ബിറ്ററിക്ക് അദ്ദേഹത്തെ വിചാരണ ചെയ്യാൻ അധികാരമില്ല എന്ന് ചിലർ വാദിച്ചു. പക്ഷേ, കേരള സ്റ്റേറ്റ് കൗൺസിലിന്റെ കീഴിലുള്ള കുമ്പനാട് സെന്ററിന്റെ ശുശ്രൂഷകൻ എന്ന നിലയിൽ ടി.എസ്.ഏബ്രഹാം കേരള സ്റ്റേറ്റ് പ്രസ്ബിറ്ററിയുടെ കീഴിലുള്ള ശുശ്രൂഷകനാണെന്നും അതുകൊണ്ട് അദ്ദേഹത്തിനെതിരായി കിട്ടിയ പരാതി പ്രസ്ബിറ്ററിയിൽ വായിക്കണമെന്നും ആവശ്യമുയർന്നു. അതോടെ പ്രസ്ബിറ്ററി നടക്കുന്ന മുറി നിശബ്ദമായി. സ്വർഗ്ഗത്തിൽ അര മണിക്കൂർ മൗനമുണ്ടായി എന്നു പറഞ്ഞതുപോലെ കുമ്പനാട്ട് ദീർഘമായ മൗനമുണ്ടായി.

മൂത്രശങ്കയെന്ന ആയുധം പ്രയോഗിച്ചത് ഈ സമയത്താണ്. മൂത്രശങ്ക തീർക്കാനെന്ന വ്യാജേന ഓരോരുത്തരായി പുറത്തേക്കിറങ്ങി. ഏതാനും നിമിഷങ്ങൾക്കകം മുറി ശൂന്യമായി. മൂത്രശങ്ക തീർക്കൽ എന്നത് പഞ്ചവത്സര പദ്ധതി എന്ന നിലയിലും ചെയ്യാൻ കഴിയും എന്ന് പ്രസ്ബിറ്ററി അംഗങ്ങൾ തെളിയിച്ചു.

ഏറെ താമസിയാതെ ചർച്ച പുറത്തുനിന്നായി. അങ്ങും ഇങ്ങും കൂട്ടം കൂടി നിന്ന് പ്രസ്ബിറ്ററി അംഗങ്ങൾ പ്രശ്നം ചർച്ച ചെയ്തു. കെ.എം.ജോണിനും പ്രതിയായ ടി.എസ്.ഏബ്രഹാമിനും മാത്രമേ കുര്യൻ കത്തു കൊടുത്തിരുന്നുള്ളൂ. പക്ഷേ, പ്രസ്ബിറ്ററിയിലുള്ള പ്രധാനപ്പെട്ടവരെല്ലാം ഈ കത്ത് കണ്ടിരുന്നു. (എങ്ങനെ?) കത്ത് പ്രസ്ബിറ്ററിയിൽ വായിച്ചാൽ ടി.എസ്.ഏബ്രഹാമിന്റെ ലീലാവിലാസങ്ങൾ മാലോകരെല്ലാം അറിയും. ഐ.പി.സിയുടെ പ്രസിഡന്റായി വിലസുന്ന വിദ്വാൻ ഏതു തരക്കാരനാണെന്ന് തെളിയും. ഐ.പി.സിക്കാരനാണെന്ന് പറഞ്ഞു നടക്കാൻ പറ്റാത്ത സ്ഥിതിയുണ്ടാകും. അത്തരം ഒരു സ്ഥിതിവിശേഷം ഉണ്ടാകാതെ നോക്കിയേ പറ്റൂ. പക്ഷേ അതെങ്ങനെ സാധിക്കും?

ജോർജ് ഉമ്മൻ സമാധാന ദൂതനായി രംഗപ്രവേശം ചെയ്തു. അദ്ദേഹം പലരുമായി സംസാരിച്ചു. എങ്ങനെയെങ്കിലും ടി.എസ്.ഏബ്രഹാമിന്റെ മാനം കാക്കണം. അതിന് സഹകരിക്കണം. കുര്യനെ സഭയിൽ നിന്നും പുറത്താക്കിയേ അടങ്ങൂ എന്ന വാശിയിൽ നിൽക്കുന്ന ടി.എസ്. ഏബ്രഹാമിനെ രക്ഷിക്കേണ്ട ഉത്തരവാദിത്വം കുര്യനോ കുര്യനെ പിൻതുണയ്ക്കുന്നവർക്കോ ഇല്ലല്ലോ. അതുകൊണ്ട് അവർ വഴങ്ങിയില്ല. ജോർജ് ഉമ്മൻ തനിക്കറിയാവുന്ന സകല വിദ്യകളും പ്രയോഗിച്ചിട്ടും ഫലമുണ്ടായില്ല.

ഏറെ പണിപ്പെട്ട് ഒരു പോംവഴി കണ്ടു പിടിച്ചു. ഏഴു ദിവസം കഴിഞ്ഞ് (ഒക്ടോബർ 4ന്) വീണ്ടും കൗൺസിൽ കൂടുന്നുണ്ട്. അതിനുള്ളിൽ കുര്യൻ പ്രശ്നം പരിഹരിക്കാം. ജോർജ് ഉമ്മൻ ടി.എസ്.ഏബ്രഹാമുമായി സംസാരിച്ച് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കും. അത് സാധിച്ചാൽ ടി.എസ്.ഏബ്രഹാമിനെതിരെ കുര്യൻ കൊടുത്തിരിക്കുന്ന പരാതിയും പിൻവലിക്കും. ഈ ധാരണയിൽ പ്രസ്ബിറ്ററി പിരിഞ്ഞു.

ജോർജ് ഉമ്മന്റെ ശ്രമം വിജയിച്ചതായി അറിവില്ല. സമാധാന ശ്രമം പരാജയപ്പെട്ടാൽ ഒക്ടോബർ 4ന് നടക്കുന്ന പ്രസ്ബിറ്ററിയിൽ പരാതി വായിക്കേണ്ടതായി വരും. ഡിഫെൻഡർ പറഞ്ഞതും ഡിഫെൻഡർ അറിഞ്ഞിട്ടില്ലാത്തതുമായ പലതും പുറത്തു വരും. ടി.എസ്. കുഴയും.



# വിരുന്നിനിടയിൽ വെള്ളിടി വെട്ടി

ബെത്ശസ്സർ രാജാവ് പണ്ട് ഒരു വിരുന്നു നടത്തി. രാജാവും വിരുന്നുകാരും തിന്നുകുടിച്ച് സന്തോഷിച്ചു. അതിനിടയിലാണ് ഒരു കൈപ്പത്തി പ്രത്യക്ഷമായത്. അത് രാജാവിന്റെ ന്യായവിധി കുറിച്ചു. രാജാവ് ശരിക്കും ഭയന്നു. രാജാവിന്റെ ഏപ്പുകൾ ആടിപ്പോയി. അവന് ഒട്ടും ബലമില്ലാതെയായി.

ഈ കാര്യം ഇപ്പോൾ പറയാൻ കാരണമുണ്ട്. ടി.എസ്.ഏബ്രഹാമിന് ഈയിടെ ഉണ്ടായ ഒരു അനുഭവം ഏറെക്കുറെ ഇതുപോലെയാണ്. കുമ്പനാട്ടുള്ള സീനിയർ സിറ്റിസൺസ് (അതായത്, വയസ്സന്മാർ) ഒരു വിരുന്നു നടത്തി. ടി.എസ്.ഏബ്രഹാമില്ലാതെ കുമ്പനാട്ട് എന്തു വിരുന്ന്? അതുകൊണ്ട് ടി.എസ്.ഏബ്രഹാം മുഖ്യ അതിഥിയായി എത്തി. വിഭവസമൃദ്ധമായ വിരുന്നാണ് ഒരുക്കിയിരുന്നത്. ടി.എസ്.ഏബ്രഹാം തന്റെ ശക്തിക്കും കഴിവിനും അനുസരിച്ച് തിന്നുകയും ചെയ്തു. അതിനിടയിലാണ് നിറയെ രോമമുള്ള ഒരു കൈപ്പത്തി പ്രത്യക്ഷപ്പെട്ടത്. അടുത്തെങ്ങും ഭിത്തിയില്ലാതിരുന്നതുകൊണ്ട് കൈപ്പത്തി ഭിത്തിയിൽ ഒന്നും എഴുതിയില്ല. അതിനു പകരം ഒരു കത്ത് ടി.എസ്.ഏബ്രഹാമിന് കൊടുത്തു.

ആരപ്പാ ഇത് എന്ന ഭാവത്തിൽ ടി.എസ്.ഏബ്രഹാം കൈയ്യുടെ ഉടമസ്ഥനെ നോക്കി. കൈയ്യുടെ അങ്ങേത്തലയ്ക്കരികെ കെ.പി. കുര്യന്റെ മുഖം കണ്ടു. അടുത്ത കാലം വരെ തന്റെ മന:സാക്ഷി സൂക്ഷിപ്പുകാരനും ഇപ്പോൾ പരമ ശത്രുവുമായ കെ.പി.കുര്യനാണ് കത്തുമായി വന്നിരിക്കുന്നത്.

ഒടുവിൽ കെ.പി.കുര്യൻ അടിയറവ് പറഞ്ഞെന്നും ക്ഷമ പറഞ്ഞുള്ള കത്തായിരിക്കും തന്നതെന്നും ഒക്കെയാണ് ടി.എസ്.ഏബ്രഹാം വിചാരിച്ചത്. പക്ഷേ, ടി.എസ്.ഏബ്രഹാമിനെതിരെ കെ.പി.കുര്യൻ സ്റ്റേറ്റ് കൗൺസിലിന് കൊടുത്ത കത്തിന്റെ കോപ്പിയായിരുന്നു അത്. ടി.എസ്.ഏബ്രഹാമിന്റെ ദുർന്നടപടികളെല്ലാം അതിൽ വിവരിച്ചിരുന്നു. അത് വായിച്ചതോടെ ഭൂമി കറങ്ങുന്നത് ടി.എസ്.ഏബ്രഹാം നേരിൽ കണ്ടെന്ന് പറയപ്പെടുന്നു. ഏതായാലും നല്ലൊരു വിരുന്ന് കെ.പി.കുര്യൻ കലക്കി എന്നു പറഞ്ഞാൽ മതിയല്ലോ.

# കെ.പി. കുര്യനെതിരെ മരത്തിനാൽ പരാതി കൊടുത്തു

വർഗീസ് മരത്തിനാൽ പാരമ്പര്യമുള്ള പെന്തക്കോസ്തുകാരനാണ്. ഇപ്പോൾ ഐ.പി.സി. സ്റ്റേറ്റ് കൗൺസിൽ അംഗവും ഭാരവാഹിയുമാണ്. ചില കാരണങ്ങളാൽ കെ.പി.കുര്യനുമായി പിണക്കവുമാണ്. ഈയിടെ അദ്ദേഹം കെ.പി.കുര്യനെതിരെ ഒരു പരാതി സ്റ്റേറ്റ് കൗൺസിലിന് കൊടുത്തു. അതിന്റെ രത്നച്ചുരുക്കം ഇതാണ്:

കുര്യൻ പ്രശ്നം രൂക്ഷമായിരിക്കുന്ന ഈ സമയത്ത് മരത്തിനാൽ കുര്യനെതിരെ നീങ്ങുന്നു എന്ന് കുര്യനു തോന്നി. ഈ ശങ്ക വളർന്നപ്പോൾ കുര്യൻ ഫോണിലൂടെ പ്രതികരിച്ചു. പ്രതികരിക്കുന്നത് കുര്യനായതുകൊണ്ട് സ്വാഭാവികമായും ഭാഷ കുര്യന്റേതായിരുന്നു. മരത്തിനാലിന്റെ കുടുംബത്തെ അടച്ച് ആക്ഷേപിക്കുന്നതായിരുന്നു ആ ഫോൺവിളി എന്നും ഇങ്ങനെ ചെയ്തതിന് കുര്യനെതിരെ നടപടി എടുക്കണം എന്നും മരത്തിനാൽ പരാതിയിൽ പറയുന്നു.

പരാതി സ്റ്റേറ്റ് കൗൺസിലിന്റെ പരിഗണനയ്ക്കു വന്നു. പരാതി ഗൗരവമായി പരിഗണിക്കണമെന്നും കുര്യനെ വിചാരണ ചെയ്യണമെന്നും ആവശ്യമുയർന്നു. കൗൺസിൽ കുര്യനോട് വിശദീകരണം ചോദിച്ചു. തന്റേതായ ശൈലിയിൽ കുര്യൻ മറുപടിയും പറഞ്ഞു. ഇതിനുള്ള മറുപടിയുമായി മരത്തിനാൽ എഴുന്നേറ്റതോടെ ചിലർ എതിർത്തു. പാസ്റ്ററായ കുര്യനെ വിചാരണ ചെയ്യാൻ കൗൺസിലിന് അധികാരമില്ലെന്നും പ്രശ്നം സ്റ്റേറ്റ് പ്രസ്ബിറ്ററിക്ക് വിടണമെന്നും ആവശ്യമുയർന്നു. ഒടുവിൽ അങ്ങനെതന്നെ തീരുമാനിക്കയും ചെയ്തു. ഇനി ഈ പ്രശ്നം കേരള സ്റ്റേറ്റ് പ്രസ്ബിറ്ററി പരിഗണിക്കും.

നീക്കുബാക്കി:

കുര്യന്റെ വിശദീകരണത്തിനെതിരെ പ്രതികരിക്കാൻ എഴുന്നേറ്റ മരത്തിനാലിനെ ഒരു പ്രസ്ബിറ്ററി അംഗം ശക്തമായി തടഞ്ഞെന്നും മേല്പടി അംഗത്തിന്റെ ചെവിക്കല്ല് അടിച്ചു പൊട്ടിക്കുമെന്ന് മരത്തിനാൽ പ്രഖ്യാപിച്ചെന്നും ഒരു അപ്പോക്രീഫാ കഥ പ്രചാരത്തിലുണ്ട്.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

നിങ്ങൾക്കോ നിങ്ങളുടെ സ്ഥാപന ത്തിനോ വളരെ കുറഞ്ഞ ചെലവിൽ ഒരു വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളെ സംബന്ധി ക്കുന്ന എല്ലാ വിവരങ്ങളും ഫോട്ടോ സഹിതം വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കാം. ലോകത്തിൽ എവിടെ താമസിക്കുന്നവർക്കുവേണ്ടിയും വെബ്സൈറ്റ് ഉണ്ടാക്കുന്നു.

www.yourname.com എന്ന വിലാസം
you@yourname.com എന്ന ഈമെയിൽ
ഒരു ഹോം പേജ്
ആകെ ചെലവ്: 1500 രൂപ മാത്രം
ഓരോ അധിക പേജിനും 400 രൂപ
ഫോൺ: 0484-3950734
മൊബൈൽ: 94474 14608

# എന്റെ നാടുകടത്തൽ



സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ നാടു കടത്തിയിട്ട് സെപ്റ്റംബർ 26ന് 95 വർഷം തികഞ്ഞു. 1910 സെപ്റ്റംബർ 26ന് ആയിരുന്നു രാമകൃഷ്ണപിള്ളയെ നാടുകടത്തിയത്.

ആത്മകഥാപരം കൂടിയായ ഈ ലേഖനം വന്നത് 1910 ജനുവരി 5-ാം തീയതിയിലെ സ്വദേശാഭിമാനിയിലാണ്. എട്ടു മാസം കഴിഞ്ഞപ്പോൾ അദ്ദേഹത്തെ നാടുകടത്തി.

കോഴിക്കോട്ടെ മലബാർ ഡെയിലി ന്യൂസും കൊച്ചിയിലെ കൊച്ചിൻ ആർഗസ്സും ഇവരെ അനുഗമിച്ച് മറ്റു ചില പത്രങ്ങളും ഇതിനിടെ എന്നെ നാടുകടത്തിയിരുന്നതു കഴിഞ്ഞു ഞാൻ ഇപ്പോൾ സ്വൈര്യമായി തിരുവിതാംകൂറിലേക്കു മടങ്ങിയെത്തിയിരിക്കുന്നു. തിരുവിതാംകൂർ ഗവൺമെന്റിനേയും പ്രജകളേയും ഛിദ്രിപ്പിക്കുകയും ജനങ്ങളുടെ രാജദ്രോഹബുദ്ധിയെ ഉത്തേജിപ്പിക്കുകയും ചെയ്യുന്ന ലേഖനങ്ങൾ ഞാൻ എന്റെ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നുവെന്ന് എന്റെ മേൽ കഠിനമായ കുറ്റം ആരോപിച്ചുകൊണ്ടായിരുന്നു ഈ ചങ്ങാതിമാർ കുറേ നാൾ മുമ്പ് രാജദ്രോഹത്തിന്നായി എന്നെ വേട്ടയാടാൻ ഒരുങ്ങിയതെന്ന് ഇതാ നാടുകടത്തൽ കഴിഞ്ഞു തിരിച്ചെത്തിയ ശേഷമാണ് എനിക്ക് മനസ്സിലായത്. എന്നെ തിരുവിതാംകൂർ സംസ്ഥാനത്തു നിന്നും നാടു കടത്തുവാൻ തിരുവിതാംകൂർ ഗവൺമെന്റ് കൽപ്പിച്ചിരിക്കുന്നുവെന്നും ഈ കല്പന എന്റെ രാജ്യദ്രോഹകരങ്ങളായ ലേഖനങ്ങളുടെ ഫലമാണെന്നും അതിനാൽ തിരുവിതാംകൂർ ഗവൺമെന്റ് ഒരു നിഷ്ഠൂരമായ നടപടിയെ അവലംബിച്ചതായി ഗവൺമെന്റിനെ കുറ്റപ്പെടുത്തുവാൻ അവകാശമില്ലെന്നും ഈ നാട്ടിൽ അസ്വസ്ഥത മാറ്റി സമാധാനം ഉറപ്പിക്കുന്നതിന് ഗവൺമെന്റിന്റെ ഈ നടപടി യുക്തം തന്നെയെന്നും ഈ ചങ്ങാതിമാർ മുഖേന ലോകർ ഗ്രഹിക്കയും, പക്ഷേ ചിലർ സന്തോഷിക്കയും മറ്റു പലരും ആശ്ചര്യപ്പെടുകയും, വ്യസനിക്കുകയും ചെയ്തിരിക്കാനിടയുണ്ട്. ഈ ചങ്ങാതിമാരും, അവരുടെ ചങ്ങാതിമാരും ഇത്ര വളരെ കുതൂഹല കോലാഹലം കൂട്ടിയപ്പോൾ അങ്ങനെ ഒരു സംഗതി സംഭവിച്ചിട്ടുണ്ടോ എന്ന് വിചിന്തനം ചെയ്യാതെ, എരിതീയിൽ ചാടിയ ശലഭങ്ങളുടെ പദത്തെ പ്രാപിക്കുവാൻ, ഇടയായത് സ്പൃഹണീയം തന്നെയാണ്. തിരുവിതാംകൂർ ഗവൺമെന്റ് എന്നെ നാടുകടത്താൻ തീരുമാനിച്ചിട്ടില്ല എന്ന് മാത്രമല്ല, അങ്ങിനെ ഒരു കല്പനയ്ക്കു ഹേതുവായി ഞാൻ ഒന്നും പ്രവർത്തിച്ചിട്ടുമില്ല! ഈ പരമാർത്ഥം ആദ്യമേ മനസ്സിലാക്കുവാൻ കഴിയാതിരുന്ന ഈ ചങ്ങാതികൾക്ക് നല്ല പ്രജ്ഞയുണ്ടായപ്പോൾ തങ്ങളുടെ ഉന്മത്ത പ്രലപനങ്ങളെ തിരിയെ രക്ഷിക്കേണ്ടി വന്നതിൽ അവരുടെ ദയനീയാവസ്ഥയെപ്പറ്റി ഞാൻ നിർവ്യാജം സഹതപിക്കുന്നു.

എന്നെ നാടുകടത്തുവാൻ തക്കവണ്ണം ഞാൻ എന്താണ് പ്രവർത്തിച്ചിട്ടുള്ളത്! ഈ ചങ്ങാതികൾ പറയുന്നത് എന്റെ പത്രത്തിലെ ചില ലേഖനങ്ങൾ ഈയിടെ രാജഭക്തിയെ ഇല്ലായ്മ ചെയ്യുന്നവരായിരിക്കുന്നു എന്നതാണ്. ഏത് ലേഖനമാണ്, ഏത് വാചകമാണ് ഈ കുറ്റത്തെ ദ്യോതിപ്പിക്കുന്നതെന്ന് ഇവരാരും നിർമ്മൽസരമായും വ്യക്തമായും ചൂണ്ടിക്കാണിക്കുന്നില്ല. തിരുവിതാംകൂർ നവീകരണം എന്ന തലവാചകത്തിൽ കീഴിൽ ഈ പത്രത്തിൽ ഒരു ഉപന്യാസ പരമ്പര ഞാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതിൽ മഹാരാജാവിന്റെയോ ഗവൺമെന്റിന്റേയോ പേരിൽ ജനങ്ങൾക്ക് അപ്രീതി ജനിപ്പിക്കുകയോ വളർത്തുകയോ ചെയ്യുന്നതായി യാതൊരു സംഗതിയും നിർമ്മൽസരൻമാർക്കു കാണുവാൻ ഉണ്ടാകയില്ലെന്ന് എനിക്ക് നല്ല ബോധമുണ്ട്. മഹാരാജാവു തിരുമനസ്സിലെ കൊട്ടാരത്തിൽ പാർത്തുകൊണ്ട് സർക്കാരുദ്യോഗങ്ങൾ വിലക്കു വിറ്റും കൊട്ടാരത്തിലെ മുതലുകൾ കവർന്നും അന്യായമായി ധനാർജനം ചെയ്തു ഈ ധർമ്മരാജ്യത്ത് അധർമ്മത്തിന്റെ വിജയപതാകയെ നാട്ടുവാൻ ഉദ്യമിച്ചിരിക്കുന്ന രണ്ട് സേവകൻമാരേയും അവരുടെ ആശ്രിതൻമാരായ ഉദ്യോഗസ്ഥൻമാരേയും ഇവരുടെ അഴിമതികൾ നിമിത്തം നാട്ടുകാർക്കുണ്ടായിട്ടുള്ളതും ഉണ്ടാകുന്നതും ഉണ്ടാകാവുന്നതും ആയ കഷ്ടനഷ്ടങ്ങളുടേയും മേൽപ്പടി ലേഖന പരമ്പരയിൽ പ്രതിപാദിച്ചിട്ടുള്ളത് രാജദ്രോഹമാണെങ്കിൽ ആ രാജദ്രോഹം ഈ സംസ്ഥാനത്തിലെ എന്നല്ല, ഇന്ത്യാ മഹാരാജ്യത്തിലേയും ശിക്ഷാ നിയമത്താൽ പരികല്പിക്കപ്പെട്ടില്ല എന്ന് ഞാൻ നല്ലവണ്ണം അറിയുന്നുണ്ട്. ഇവരുടെ അക്രമങ്ങളെപ്പറ്റി പറയുന്നത് രാജദ്രോഹമാണെങ്കിൽ, ഇവർ രാജഭരണ കീർത്തിയെ മലിനപ്പെടുത്തുമാറ് ചെയ്യുന്ന ജനദ്രോഹ കർമ്മങ്ങൾ മേൽപറഞ്ഞ ചങ്ങാതിമാരുടെ ദൃഷ്ട്യാ, രാജഭക്തിയുടെ പ്രകടനങ്ങളായിരിക്കണം. അത്തരത്തിലുള്ള രാജഭക്തിയിൽ ഞാൻ ലുബ്ദൻ തന്നെയെന്ന് സമ്മതിക്കുന്നു. അഴിമതിക്കാരായ രാജസേവകൻമാരുടെ അക്രമങ്ങൾ കൊണ്ട് ജനതയ്ക്കുള്ള സങ്കടങ്ങളെ പറയുന്നത് രാജദ്രോഹമാണെങ്കിൽ അത്തരത്തിലുള്ള രാജദ്രോഹത്തിന് ഞാൻ ദണ്ഡനാർഹൻ തന്നെ. എന്നാൽ ഈ സംസ്ഥാനത്തെ അധിപതിയായ മഹാരാജാവ് തിരുമനസ്സിന്റെ പേരിലുള്ള ഭക്തിയിൽ ഞാൻ അന്യൂനനാണെന്നും മഹാരാജാവിന്റെ പേരിൽ ദ്രോഹബുദ്ധി എന്റെ പത്രത്തിലുള്ള യാതൊരു ലേഖനത്തിലും സ്ഫുരിക്കുന്നതിന്നു സംഗതിയില്ലെന്നും ഞാൻ ഉറപ്പു പറയുന്നു. എന്റെ ദൈവം കല്ലും മരവുമല്ല. എന്റെ രാജാവ് അഴിമതിക്കാരായ രാജസേവകന്മാരുമല്ല. എന്നെ നാടുകടത്തുന്നത് രാജസേവകന്മാരുടെ പേരിൽ ഭക്തിയില്ലെന്ന കുറ്റത്തിനാണെങ്കിൽ ആ ശിക്ഷാ നിയമം ആ സേവകന്മാരുടെ മനോരാജ്യത്തിൽ നടപ്പാക്കപ്പെട്ടിട്ടുള്ള വകയായിരിക്കാം. തിരുവിതാംകൂർ രാജ്യത്തിലെ ശിക്ഷാ നിയമപ്രകാരമായിരിക്കയില്ല. അല്ലെങ്കിൽ തന്നെ നാടു കടത്തൽ, കാരാഗ്രഹം മുതലായ ശിക്ഷകളെ ഭയപ്പെടേണ്ട ആവശ്യം എനിക്കില്ല. ഞാൻ എന്റെ രാജ്യത്തിലെ നിയമത്തെ ലംഘിക്കുന്നില്ല. ആ ശിക്ഷകളെ ഭയപ്പെടേണ്ടവർ, കൊട്ടാരങ്ങളിൽ കൊലപാതകം ചെയ്തും, സാധു ജനങ്ങളുടെ ധനാപഹാരം ചെയ്തും, യജമാനന്മാരെ ദ്രോഹിച്ചും, ഈശ്വര സങ്കല്പത്തിന് വിരുദ്ധമായ, മറ്റു അകൃത്യങ്ങൾ പ്രവർത്തിച്ചും പാപക്കൂണ്ടിൽ പതിച്ചിരിക്കുന്നവരാണ്. അവർക്കാണ് കാരാഗൃഹവാസം നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അവർ രമ്യഹർമ്മ്യങ്ങളിലോ രാജസദനങ്ങളിലോ മറ്റോ പാർക്കുന്നതായി ഇതരൻമാർക്കു തോന്നുന്നുണ്ടായിരിക്കുമെങ്കിലും അവ അവരുടെ കാരാഗൃഹങ്ങളാകുന്നു. ധർമ്മം, സത്യം മുതലായ സൽപ്രമാണങ്ങളെ ജീവിത മാതൃകകളായി ഗ്രഹിച്ച് അധർമ്മം അസത്യം മുതലായവയെ വർജ്ജിക്കുന്നവർക്ക്, ഏതു കാരാഗൃഹവും കാരാഗൃഹമാകയില്ല. പാപം ചെയ്ത മനസ്സിനെ ചുറ്റുമുള്ള ചുമരുകളുടെ മദ്ധ്യേ കാരാഗൃഹത്തെ ശങ്കിക്കുവാൻ സംഗതിയുള്ളൂ. അത്രയുമല്ല, ഈ ഭൂലോകത്തെ ഏതു ഗവൺമെന്റിനും ഒരുവന്റെ ശരീരത്തെയല്ലാതെ മനസ്സിനെ തടവിലിടുവാൻ അധികാരമില്ല, ശക്തിയുമില്ല. ഈശ്വരനെ കല്ലും മരവുമല്ലാതെ, ധർമ്മം, സത്യം മുതലായവയുടെ സങ്കേതമായ പരബ്രഹ്മമായി ധ്യാനിക്കുന്നവർക്ക് ശരീരം നിസ്സാരവും, ആത്മാവിനെ അധർമ്മങ്ങളുടെ കേളീരംഗമായ ഭൂമിയിൽ നിന്ന് നാടുകടത്തുന്നത് എത്രയോ ആനന്ദപ്രദവുമാകുന്നു. അതിനാൽ തിരുവിതാംകൂർ സംസ്ഥാനത്തിന്റെ കീർത്തിയെ ഹനിച്ചിരിക്കുന്ന രാജസേവകന്മാരുടെ അഴിമതികളുടെ നേർക്കുള്ള പ്രതിരോധത്തിൽ, അവരുടെ ആശ്രിതന്മാരായ ഉദ്യോഗസ്ഥൻമാരിൽ നിന്നോ മറ്റോ നേരിടാവുന്ന വിപത്തുകൾ എനിക്ക് ഭീഷണങ്ങളല്ല. ഞാൻ ഇതേവരെ ഒരു രാജദ്രോഹവും പ്രവർത്തിച്ചിട്ടില്ല, പ്രസംഗിച്ചിട്ടുമില്ല, വിചാരിച്ചിട്ടുമില്ല. അഴിമതിക്കാർക്ക് വിരോധമായി വർത്തിക്കുന്നത് രാജദ്രോഹവുമല്ല.

എന്നെ രാജദ്രോഹകുറ്റം ചുമത്തി ശിക്ഷിക്കണമെന്ന് ദുർഭാഷണം ചെയ്തു നടക്കുന്നവരുടെ പ്രകൃതി വിരുദ്ധങ്ങളായ കർമ്മങ്ങൾ മനോരമ്യങ്ങളായിരിക്കട്ടെ. അവ എന്നെ ബാധിക്കുകയില്ല. അവ അവർക്കു തന്നെ കണ്ഠപാശമായി തീരുകയേ ഉള്ളൂ.

OWN A WEBSITE FOR Rs. 1500/-
No Hidden Costs
Call: 94474 14608

## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3950734, 9447414608

# ശതാബ്ദി പ്രശ്നം: വെളുക്കാൻ തേച്ചത് പാണ്ടായി

ശതാബ്ദിയെന്ന ഭോഷ്ക്കുമായി ഇറങ്ങിത്തിരിച്ചവർ ശരിക്കും പുലിവാല് പിടിച്ചിരിക്കയാണ്. ഒന്നിനു പിറകെ ഒന്നായി പ്രശ്നങ്ങൾ അവരെ വിടാതെ പിൻതുടരുകയാണ്.

ഒരു നൂറ്റാണ്ടു മുൻപ് മുക്തി മിഷനിൽ ഉണ്ടായ ഉണർവ്വാണ് ഇന്ത്യയിലുണ്ടായ ആദ്യ പെന്തക്കോസ്ത് ഉണർവ്വ് എന്ന വാദമാണ് ശതാബ്ദിയുടെ അടിത്തറ. ഇത് ചരിത്രപരമായി ശരിയല്ലെന്ന വാദത്തിന് ശരിയായ ഒരു മറുപടി കൊടുക്കുവാൻ ഒരു ശതാബ്ദിക്കാരനും കഴിഞ്ഞിട്ടില്ല. മാത്രമല്ല, പെന്തക്കോസ്ത് ഉണർവ്വിന് നൂറു വർഷം തികഞ്ഞത് എന്തിന് ആഘോഷിക്കണം എന്ന ചോദ്യത്തിനും ഉത്തരമില്ല.

ശതാബ്ദിക്കെതിരെ ടി.എസ്.ഏബ്രഹാം നിലപാടെടുത്തതോടെ പ്രശ്നം കൂടുതൽ ഗൗരവമുള്ളതായി. എങ്ങനെയെങ്കിലും ടി.എസ്.ഏബ്രഹാമിനെ പാട്ടിലാക്കാതെ തരമില്ല എന്നുവന്നു. എന്താണ് അതിനുള്ള പോംവഴി? വളരെ ആലോചിച്ച് ഒരു പോംവഴി കണ്ടുപിടിച്ചു. ടി.എസ്.ഏബ്രഹാം പൊങ്ങപ്പോഴനാണെന്ന് ഏവർക്കും അറിയാം. മോനായി കൊടുത്ത ക്രൈസ്തവരത്നം അവാർഡ് വരെ വാങ്ങിയ വിദ്വാനാണ് ടി.എസ്. ശരിക്കൊന്ന് പുകഴ്ത്തിയാൽ ടി.എസ്. മയങ്ങും. അതിനെന്താണ് വഴി?

കുറെ അന്വേഷണം നടത്തിയപ്പോൾ ഒരു വഴി തെളിഞ്ഞുവന്നു. ടി.എസ്.ഏബ്രഹാമിന് വയസ്സ് 81 ആകുന്നു. ആ വകയിൽ ഒരു ആഘോഷം നടത്തി ടി.എസ്.ഏബ്രഹാമിനെ മയക്കാം. എന്തിനേറെ പറയുന്നു, പെന്തക്കോസ്റ്റൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ ടി.എസ്.ഏബ്രഹാമിന്റെ 81-ാം ജൻമദിനം പൊടിപൂരമായി ആഘോഷിച്ചു. ടി.എസ്. മയങ്ങുകയും ചെയ്തു. അങ്ങനെ എല്ലാം ശുഭമായി കലാശിച്ചു എന്ന് കരുതിയിരിക്കുമ്പോഴാണ് വെളുക്കാൻ തേച്ചത് പാണ്ടായത്.

മുക്തിമിഷനിലുണ്ടായ ഉണർവ്വിനെ ഇന്ത്യയിലെ ആദ്യ പെന്തക്കോസ്ത് ഉണർവ്വായി കണക്കാക്കാനാവില്ലെന്നും അതുകൊണ്ടുതന്നെ ശതാബ്ദിയാഘോഷം അർത്ഥശൂന്യമാണെന്നും വ്യക്തമാക്കിക്കൊണ്ട് ടി.എസ്.ഏബ്രഹാം സ്വന്തം മാസികയായ കാഹളത്തിന്റെ സെപ്റ്റംബർ ലക്കത്തിൽ ഒരു ലേഖനം എഴുതിയിരുന്നു. ഇത് ശതാബ്ദിക്കാർക്ക് വലിയ ദോഷം ചെയ്തു. ടി.എസ്.ഏബ്രഹാമിന്റെ വാദം തെറ്റാണെന്ന് തെളിയിക്കാനായി അച്ചൻകുഞ്ഞ് ഇലന്തൂർ പണ്ട് ടി.എസ്.ഏബ്രഹാം എഴുതിയ ഒരു പുസ്തകത്തിൽ നിന്ന് കുറെ ഭാഗം മരുപ്പച്ചയിൽ പ്രസിദ്ധീകരിച്ചു. മുക്തിമിഷനിലുണ്ടായ ഉണർവ്വാണ് ഇന്ത്യയിലുണ്ടായ ആദ്യ പെന്തക്കോസ്ത് ഉണർവ്വ് എന്ന് ഈ ലേഖനത്തിൽ ടി.എസ്.ഏബ്രഹാം പറയുന്നുണ്ട്.

ഓർക്കാപ്പുറത്തു കിട്ടിയ അടി ടി.എസ്.ഏബ്രഹാമിന് താങ്ങാവുന്നതിൽ അധികമായിരുന്നു. അതോടെ ടി.എസ്. ശരിക്കും ക്ഷോഭിച്ചു. (ഉഗ്രമായി മുരളുകയും ചെയ്തിരിക്കണം). ഉടൻതന്നെ അച്ചൻകുഞ്ഞിന് ഒരു കത്തയച്ചു. ആ കത്ത് വായനക്കാരുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നു.

ടി.എസ്.ഏബ്രഹാമിന്റെ പുസ്തകത്തിൽ നിന്ന് കുറച്ചധികം ഭാഗം ടി.എസ്.ഏബ്രഹാമിന്റെ അനുവാദം കൂടാതെ പ്രസിദ്ധീകരിച്ചത് പകർപ്പവകാശ നിയമപ്രകാരം ശിക്ഷാർഹമായ കുറ്റമാണ്. പക്ഷേ, ടി.എസ്.ഏബ്രഹാമിന്റെ ഇപ്പോഴത്തെ നിലപാടിനെ അദ്ദേഹത്തിന്റെതന്നെ പുസ്തകം ഉപയോഗിച്ച് ഖണ്ഡിച്ചത് ശരിയായ നടപടിയാണ്. ബർത്ത്ഡേ പാർട്ടിയുമായി ബന്ധപ്പെട്ട് ടി.എസ്.ഏബ്രഹാം ഉന്നയിക്കുന്ന പ്രശ്നങ്ങൾ തികച്ചും ബാലിശമാണ്. ശതാബ്ദിയെ എതിർക്കാൻ ഇതൊന്നും കാരണമാക്കാനാവില്ല. ടി.എസ്.ഏബ്രഹാമിനെ ശതാബ്ദി സമ്മേളനത്തിന്റെ തലപ്പത്ത് പ്രതിഷ്ഠിച്ചിരുന്നെങ്കിൽ ഈ പ്രശ്നങ്ങൾ ഒന്നും ഉണ്ടാകുമായിരുന്നില്ല എന്നതാണ് വിചിത്രമായ മറ്റൊരു വസ്തുത. ഏതായാലും ശതാബ്ദിക്കാർ വെട്ടിലായി.

**ടി.എസ്.ഏബ്രഹാം അച്ചൻകുഞ്ഞ് ഇലന്തൂരിന് എഴുതിയ കത്ത്.**

[illegible]


**SPOT ADMISSION & GUIDANCE**

അഡ്മിഷൻ തുടരുന്നു

INC APPROVED
KNC APPROVED
LOWEST FEES

B. Sc / GNM **NURSING**

M.B.B.S., B.D.S., B.Pharm, MBA, BHM

SEATS IN MEDICAL COLLEGES, HOSPITALS & REPUTED COLLEGE

Yanappoya Medical College • KVG Medical College • Adichunchagiri Medical College • AJ Medical College • Unity Hospital • Vijayanagar Hospital • Sreedevi Hospital • Mission hospital • BGS Appolo Hospital • Diana • Danwandiri • City • Gautham • Padmasree • Venkateswara • Navaneetham • Chitanya • Mother Teresa • Oxford • Indian Institute • Sri Kalabyraveshwara • Sradha • Mathru • Noor •

M.D., M.S., M. D. S., M. P. T. M. Pharm

ENGG. B.Sc./M.Sc — ALL SUBJECTS/NOMARKS BAR/ VHSE ELIGIBLE

AERONAUTICAL, MARINE, BIO-TECH, BIO-MEDICAL, PETROLEUM, BIO-INFORMATICS, MEDICAL ELECTRONICS, COMPUTER ETC

BIO-CHEM, VISUAL COMMUNICATION, MCA, MSW, MIB, BBM etc

Head Office: Opp. UCO Bank, Frazer town, Bangalore, Ph: 080-57658044, 30930167

EDU-WORLD — WORLD OF EDUCATION — Penta Building, Near Jacobite Church, M. C. Road, PERUMBAVOOR

Receiving Office: 34/1, Anand Arcade, A. V. Road, Kalasipalaya Bangalore

Ph : 3967617, 98954 88089, 94478 15788


# കിച്ചൺ ഡ്യൂട്ടിക്ക് നന്ദി

